2026 JANUARY 18

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




## എഴുത്തിന്റെ പുത്തൻ പാതയൊരുക്കിയവർക്ക്

# ഇ മലയാളിയുടെ ചെറുകഥാ പുരസ്കാരം




# ചിലരുടെ ഉറക്കം കെടുത്തുന്ന ഹനുമാൻ


emalayalee.com
ഇ-മലയാളി
കഥാമത്സരം
2025
വിജയികൾക്ക് അഭിനന്ദനങ്ങൾ
മുഖ്യ സ്പോൺസർ
അനിൽ പുത്തൻചിറ, റീന അനിൽ
ഫൊറാൻസ്, ന്യു ജേഴ്സി
FOURANS

# എഴുത്തിന്റെ പുത്തൻ പാതയൊരുക്കിയവർക്ക് ഇ മലയാളിയുടെ ചെറുകഥാ പുരസ്കാരം സമ്മാനിച്ചു




**എ.എസ് ശ്രീകുമാർ**

കൊച്ചി: മലയാള സാഹിത്യത്തിലെ സർഗ പ്രതിഭകളും എഴുത്തിനെ ഒരു തപസ്യ പോലെ നെഞ്ചേറ്റിയവരും അനുവാചകരും സംഗമിച്ച വേദിയിൽ അമേരിക്കൻ മലയാളികളുടെ ജനപ്രിയ ഓൺലൈൻ പോർട്ടലായ ഇ മലയാളി നടത്തിയ 2025-ലെ ചെറുകഥാ മത്സര വിജയികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിക്കപ്പെട്ടു. കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ നടന്ന ലളിതമായ ചടങ്ങിൽ ലോകോത്തര ഓങ്കോളജിസ്റ്റും അമേരിക്കയിൽ മലയാള ഭാഷയുടെ അംബാസിഡറുമായ ഡോ. എം.വി പിള്ളയുടെയും മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രമുഖ ചെറുകഥാകൃത്തും നോവലിസ്റ്റുമായ സക്കറിയയുടെയും സാന്നിധ്യം അനുഗ്രഹീതമായി.

പ്രോട്ടോടൈപ്പിൽ നിന്ന് സ്വതന്ത്ര ചിന്തയിലേയ്ക്ക് വഴിമാറിയ എഴുത്തുകാരെ വാർത്തെടുക്കാൻ ഈ രചനാമൽസരത്തിലൂടെ ഇ മലയാളിക്ക് കഴിഞ്ഞുവെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ഡോ. എം.വി പിള്ള പറഞ്ഞു. മലയാളത്തിലെ ആദ്യത്തെ ചെറുകഥയായ 'വാസനാവികൃതി' എഴുതിയ പത്രപ്രവർത്തകനും ഉപന്യാസകാരനും നിരൂപകനുമായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ കാലത്ത് ആരംഭിച്ച ചെറുകഥാ പ്രസ്ഥാനം ഇന്നും ശക്തിയാർജിച്ച് നിൽക്കുന്നുവെന്നും ഇന്റർനെറ്റിലൂടെ അത് വിശ്വസാഹിത്യത്തിന്റെ മേച്ചിൽപ്പുറങ്ങളിൽ നിറസാന്നിധ്യമറിയിച്ചിരിക്കുന്നുവെന്നും ഡോ. എം.വി പിള്ള ചൂണ്ടിക്കാട്ടി.

സാഹിത്യത്തിൽ അമേരിക്ക മുന്നോട്ടുവയ്ക്കുന്ന കൺസ്യൂമറിസമാണ് 'ആമസോൺ ഡിക്റ്റേറ്റ്സ്' എന്നത്. എഴുത്തിൽ നിന്ന് വരുമാനം ആഗ്രഹിക്കുന്നവർ ഈ ഉപഭോഗപരതയുടെ മാനദണ്ഡങ്ങൾ മനസിലാക്കേണ്ടതാണ്. ആത്മാവിഷ്കാരത്തിന്റെ നിർവൃതി സാംസ്കാരിക തലത്തിൽ ഉയർന്ന് നിൽക്കുമ്പോഴും

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ചാറ്റ് ബോട്ടായ ചാറ്റ്ജിപിറ്റി ലോകഭാഷകളിലൂടെ നമ്മുടെ ഭാവനയെ പുനരുജ്ജീവിപ്പിക്കുന്നു. എങ്കിലും കേരളീയത്വം കൈമോശം വരാതിരിക്കാൻ നമ്മുടെ ചിന്തയുടെയും നിരീക്ഷണത്തിന്റെയും വാതിലുകൾ തുറന്നിടണമെന്നും മണ്ണിൽ പാദങ്ങളുറപ്പിച്ച് നിൽക്കണമെന്നും ഡോ. എം.വി പിള്ള ഉദ്ബോധിപ്പിച്ചു.







എഴുത്തുകാരുടെ ക്രിയേറ്റിവിറ്റി നിയന്ത്രിക്കുന്ന ചാറ്റ്ജിപിറ്റിയുടെ ശിഷ്യനാണ് താനെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത സക്കറിയ പറഞ്ഞു. ജാതീയമായ അടിസ്ഥാനത്തിൽ സാഹിത്യ സംഘടനകൾ രൂപീകരിക്കപ്പെടുന്ന ആധുനിക കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയുള്ള സാംസ്കാരിക കൂട്ടായ്മകളെയാണ് ഇപ്പോൾ കാണുന്നത്. വർഗീയമായ ഈ അധഃപതനം ജീവിതം ദുസ്സഹമാക്കുന്നു. മതസൗഹാർദ്ദത്തിന്റെ അടിത്തറ പൊളിഞ്ഞാൽ കഠിനമായ ഒരു ഭാവിയെയായിരിക്കും അഭിമുഖികരിക്കേണ്ടിവരികയെന്ന് സക്കറിയ അഭിപ്രായപ്പെട്ടു.

ഉത്തരാധുനികത പോലും പഴഞ്ചനായി മാറിയ സാഹചര്യത്തിൽ അതിനിടയിലൂടെ എഴുത്തിന്റെ പുത്തൻ പാത വെട്ടിത്തെളിച്ച പുരസ്ക്കാര ജേതാക്കൾ അഭിനന്ദനം അർഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന മത വിശ്വാസിയുടെ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കരുത് എന്ന് പറയുന്ന ഈ കാലഘട്ടത്തിൽ മലയാളിയുടെ വ്യക്തിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നാൽ ഇ മലയാളിയുടെ സാഹിത്യ സംബന്ധിയായ മുന്നേറ്റങ്ങൾ സ്വന്തം ഭാഷയെ ലോകത്തിന്റെ നിറുകയിലേക്കെത്തിക്കുന്നതാണെന്ന് സക്കറിയ ആശംസിച്ചു.

നാടിന്റെ നാവാണ് എഴുത്ത് എന്നും സത്യവും ധർമ്മവും











ഈശ്വരവിശ്വാസവുമാണ് മലയാളിയെ ലോകമെമ്പാടും എത്തിച്ച് വിജയം വെട്ടിപ്പിടിക്കാൻ പ്രാപ്തരാക്കുന്നതെന്നും പ്രശസ്ത ഗായികയും എം.എൽ.എയുമായ ദലീമ ജോജോ പറഞ്ഞു. താൻ പാടുമ്പോൾ ആ എഴുത്തിന്റെ വരികളിലൂടെ സഞ്ചരിക്കുമ്പോഴാണ് ആ പ്രക്രിയ പൂർണമാകുന്നതെന്ന് ദലീമ ജോജോ പറഞ്ഞു. ''ഒരു കോടി വ്യഥകളുടെ നടുവിൽ നിന്ന് രാഷ്ട്രീയത്തിലേക്കെത്തിയപ്പോഴും ജാതിമതഭേദമെന്യെ ഒറ്റക്കെട്ടായി സഹവർത്തിത്വത്തോടെ ഏവരും ജീവിക്കണമെന്ന പ്രാർത്ഥന മാത്രമേ ഉണ്ടായിരുന്നുള്ളു. ഇ മലയാളിക്ക് ആശംസകൾ...'' ദലീമ ജോജോ പറഞ്ഞു.

എഴുത്തിലേക്ക് പുതിയ വഴി വെട്ടിത്തെളിച്ചു വന്നവരെ അഭിനന്ദിക്കുന്നുവെന്നും പ്രവാസത്തിന്റെ ഗൃഹാതുരത്വത്തിൽ നിന്നാണോ എഴുത്തിലേക്ക് താൻ കടന്നു വന്നത് എന്നറിയില്ലെന്നും 'കമ്പിളികണ്ടത്തെ കൽഭരണികൾ' എന്ന ശ്രദ്ധേയമായ പുസ്തകമെഴുതിയ പ്രമുഖ എഴുത്തുകാരനും ചരിത്രകാരനുമായ പ്രൊഫ. ബാബു എബ്രഹാം പറഞ്ഞു. മനുഷ്യനെ നിർവചിക്കുന്നത് ഒരിക്കലും മതങ്ങൾ ആവരുത്. മതങ്ങൾ വരച്ചിട്ടിരിക്കുന്ന ചതുരക്കളങ്ങൾ വിട്ട് മറ്റൊരു കളത്തിലേക്ക് മാറിപ്പോയി ചേർത്തു പിടിക്കാൻ കഴിയുമ്പോഴാണ് മനുഷ്യനാവുന്നത്. കമ്പിളികണ്ടത്തെ കൽഭരണികളിൽ ഇല്ലായ്മകളുടെ വാചാലത ഇല്ല. പക്ഷേ, പ്രത്യാശയുടെ സുവിശേഷമുണ്ടെന്ന് പ്രൊഫ. ബാബു എബ്രഹാം വ്യക്തമാക്കുന്നു.

തുടർന്ന് ഇ മലയാളിയുടെ 2025-ലെ ആഗോള ചെറുകഥ മത്സര വിജയിക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യപ്പെട്ടു. 50,000 രൂപയുടെ ഒന്നാം സമ്മാനം രണ്ടു പേർ പങ്കിട്ടു. ഇ സന്ധ്യ (വയലറ്റ് നിറമുള്ള പാമ്പുകൾ), ശ്രീകുമാർ ഭാസ്കരൻ (ലാസ്റ്റ് സപ്പർ) എന്നിവർക്ക് ഡോ. എം.വി പിള്ള പുരസ്കാരം നൽകി. 25,000 രൂപയുടെ രണ്ടാം സമ്മാനത്തിന് രാജേശ്വരി ജിയുടെ 'മരിയയുടെ ചില സങ്കടങ്ങൾ' അർഹമായി. പതിനൊന്ന് പേർക്ക് ജൂറി സമ്മാനവും മൂന്ന് പേർക്ക് സ്പെഷ്യൽ



ജൂറി അവാർഡും ലഭിച്ചു.

ജൂറി സമ്മാനം: റഹിമാബി മൊയ്ദീൻ (അകം പുറം), അനീഷ് ചാക്കോ (ഷാർക്ക് ഗെയിംസ്), ജെസി ജിജി (കാലം തെറ്റി പൂത്ത കണിക്കൊന്നകൾ), ജോൺ വേറ്റം (അയൽക്കാരന്റെ സ്നേഹം), രമ പിഷാരടി (പക്ഷിക്കൂട്ടം), മേഘനാഥൻ (ഭാഗ്യതെരുവ്), ദീപ നാരായണൻ (വൃദ്ധാലയം), ശ്രീലേഖ എൽ. കെ. (തഹസിൽദാരുടെ ഭാര്യ), ആൻസി സാജൻ (കാസയും പിലാസയും), കെ.ബി. പവിത്രൻ (താക്കോൽ ദ്വാരത്തിലെ റോസാപ്പൂവ്), ഗിരീഷ് രാജ സി (മെർജെർസ് & അക്വിസിഷൻസ്). സ്പെഷൽ ജൂറി സമ്മാനം: സുദർശൻ കോടത്ത് (അൻസിദ ഗിൽബറ്റി), രമ്യ രതീഷ് (ബെൽ), ചിഞ്ചു തോമസ് (മണിമലയാർ)






കർമഭൂമിയിലും ജന്മഭൂമിയിലും മലയാള ഭാഷയെ നെഞ്ചോടു ചേർത്തു നിർത്താനുള്ള ഉൾക്കടമായ ആഗ്രഹത്തിന്റെയും കടമയുടെയും ഭാഗമായാണ് ആഗോള മലയാളികൾക്കായി ഇ മലയാളി വർഷം തോറും ചെറുകഥാ മത്സരം സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ഐ.പി.സി.എൻ.എ നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത് തുടങ്ങിയവർ ആശംസകൾ നേർന്നു. ഇ മലയാളി എഡിറ്റർ ഇൻ ചീഫ് ജോർജ് ജോസഫ് സ്വാഗതം ആശംസിച്ചു. സാമൂഹിക പ്രവർത്തകനും സംഘാടകനുമായ മാത്യു വർഗീസ് ആയിരുന്നു മാസ്റ്റർ ഓഫ് സെറിമണി.









'indescribable yet truthful'
Lord Shiva's Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# എഴുതാതിരിക്കാൻ നിവൃത്തിയില്ലാത്തവർ: മലയാള സാഹിത്യത്തിന്റെ ആഗോള കഥ പറഞ്ഞ് ഡോ. എം.വി. പിള്ള




മീട്ടു റഹ്മത്ത് കലാം

മലയാള സാഹിത്യത്തിന്റെ ഇന്നലെകളുടെയും ഇന്നിന്റെയും നാളെയുടെയും ദിശകൾ സൂചിപ്പിക്കുന്ന ദീപ്തമായ പ്രഭാഷണം എന്ന നിലയ്ക്കാണ് ഇ-മലയാളി അവാർഡ് വേദിയിലെ സാഹിത്യ സമ്മേളനത്തിൽ ഡോ. എം.വി. പിള്ളയുടെ അധ്യക്ഷ പ്രസംഗം ശ്രദ്ധേയമായത്. ഓണാട്ടുകരയുടെ നെൽവയലുകളിൽ നിന്ന് ആഗോള സാഹിത്യവേദികളിലേക്കുള്ള ചിന്താപ്രവാഹമാണ് അദ്ദേഹം തൊടുത്തുവിട്ടത്. അനുഭവസമ്പത്തും ചരിത്രബോധവും സമകാലിക സാങ്കേതികതയുടെ സാധ്യതകളും ചേർന്ന അപൂർവമായ ബൗദ്ധിക യാത്രയായി അതിനെ വിശേഷിപ്പിക്കാം. താൻ കഥയോ കവിതയോ എഴുതുന്നവനല്ലെന്നും, നിരൂപണം ചെയ്യാൻ പ്രത്യേക യോഗ്യതയില്ലെന്നും തുറന്നുപറഞ്ഞുകൊണ്ടാണ് ഡോ. പിള്ള പ്രസംഗം ആരംഭിച്ചത്. എന്നാൽ, ‘‘എനിക്ക് ഓണാട്ടുകര അറിയാം’’ എന്ന ഒറ്റ വാചകത്തിലൂടെ തന്നെ തന്റെ അധ്യക്ഷസ്ഥാനം അദ്ദേഹം ന്യായീകരിച്ചു. മാവേലിക്കര, തൃക്കുന്നപ്പുഴ, ഹരിപ്പാട്, കരുവാറ്റ തുടങ്ങി ഓണാട്ടുകരയുടെ കാർഷിക-സാംസ്കാരിക പൈതൃകമാണ് തന്റെ ഏറ്റവും വലിയ യോഗ്യതയെന്നായിരുന്നു ഇതിനുള്ള വിശദീകരണം. ഓണാട്ടുകരയിലെ നെൽകൃഷിയും, നെല്ലിന് ശേഷം എള്ള് കൃഷി ചെയ്ത് ഭൂമിയെ വീണ്ടും സജ്ജമാക്കുന്ന കർഷകബുദ്ധിയുമായി അദ്ദേഹം തന്റെ സാഹിത്യ ഇടപെടലുകളെ ഉപമിച്ചു. ഇടയ്ക്കിടെ സാംസ്കാരിക നിലങ്ങളിലേക്ക് ഇറങ്ങി, കൂടുതൽ ഊർജ്ജത്തോടെ മടങ്ങുന്ന ഒരാളാണ് താനെന്നും വ്യക്തമാക്കി. അമേരിക്കയിൽ കഴിഞ്ഞ ദശകങ്ങളായി പ്രവർത്തിക്കുന്ന മലയാളി എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സംഭാവനകൾ എം.വി.പിള്ള പ്രത്യേകമായി ചൂണ്ടിക്കാട്ടി. സാമ്പത്തികമായി അനേകം അവസരങ്ങൾ തുറന്നുകിടക്കുന്ന ഒരു രാജ്യത്ത്, മണിക്കൂറിന് ഡോളറുകൾ സമ്പാദിക്കാവുന്ന സാഹചര്യങ്ങൾ




ഉപേക്ഷിച്ച് അക്ഷരലോകത്ത് തുടരുന്നവരെ അദ്ദേഹം പ്രശംസിച്ചു. ''ഇത് നഷ്ടത്തിന്റെ വഴിയാണ്, പക്ഷേ ആത്മസംതൃപ്തിയുടെയും ആത്മാവിഷ്കാരത്തിന്റെയും വഴിയുമാണ്'' എന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം.

കോട്ടയം നഗരത്തെക്കുറിച്ചും ഡോ. എം.വി. പിള്ള പ്രത്യേക പരാമർശം നടത്തി. ''അക്ഷരങ്ങളുടെയും റബ്ബറിന്റെയും മദ്യത്തിന്റെയും തടാകങ്ങളുടെയും നഗരിയായിട്ടാണ് കോട്ടയം അറിയപ്പെടുന്നത്-ലാൻഡ് ഓഫ് ലെറ്റേഴ്സ്, ലാറ്റക്സ്, ലികർ ആൻഡ് ലേക്സ്. ട്രെയിൻ യാത്രയ്ക്കിടയിൽ കോട്ടയത്തെ വഴിയോരങ്ങളിലുമുള്ള പേരുകൾ വായിച്ചപ്പോൾ പൊൻകുന്നം, പാമ്പാടി, വാഗമൺ, വാഴൂർ, കാരൂർ തുടങ്ങിയ പേരുകൾ പരിചിതമാക്കിയത് അവിടുള്ള എഴുത്തുകാരാണല്ലോ എന്ന ചിന്ത വന്നു. അങ്ങനെ നോക്കുമ്പോൾ എഴുതാതിരിക്കാൻ കോട്ടയംകാർക്ക് നിവൃത്തിയില്ല. അതവരുടെ ശാസ്ത്രീയമായ ദൗത്യമാണ്; അവരുടെ പ്രതിബദ്ധത അക്ഷരങ്ങളോടാണ്,'' എന്നും അദ്ദേഹം പറഞ്ഞു.

അക്ഷരങ്ങളെ സ്നേഹിക്കുന്ന ഒരു ശക്തമായ കൂട്ടായ്മ അമേരിക്കയിലുണ്ടായതിനാലാണ് അനേകം മലയാളികളുടെ മനോനില പ്രവാസജീവിതത്തിന്റെ സമ്മർദ്ദങ്ങൾക്കിടയിലും സ്ഥിരമായി, അചഞ്ചലമായി നിലനിൽക്കുന്നതെന്ന് അദ്ദേഹം വിലയിരുത്തി. ''ഓരോ ആഴ്ചയും, ചിലപ്പോൾ ഓരോ ദിവസവും തന്നെ ഇ-മലയാളി അടക്കമുള്ള മലയാള പ്രസിദ്ധീകരണങ്ങൾ വായിക്കുന്നവരുണ്ട്. ഞങ്ങളൊക്കെ ഒരു കാലത്ത് പത്രം കാത്തിരുന്ന് വായിച്ച തലമുറയാണ്,'' എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അമേരിക്കയിലെ പ്രവാസ ജീവിതത്തിന്റെ കാഠിന്യം കുറയ്ക്കാൻ സാഹിത്യത്തിലൂടെയും മാധ്യമപ്രവർത്തനത്തിലൂടെയും ഈ കൂട്ടർ ചെയ്യുന്ന സേവനം അങ്ങേയറ്റം സ്തുത്യർഹമാണെന്നും, മലയാളിയുടെ സാംസ്കാരിക നിലനിൽപ്പിന് അത് വലിയ കരുത്താണെന്നും ഡോ. പിള്ള കൂട്ടിച്ചേർത്തു.

ഒരു കാലത്ത് 'പ്രവാസ സാഹിത്യം' എന്ന പേരിൽ അമേരിക്കൻ മലയാളി എഴുത്തുകാരെ ചെറുതായി കാണുന്ന പ്രവണതയുണ്ടായിരുന്നുവെന്നും, ഇന്ന് അതേ പ്രവാസ സാഹിത്യം മലയാളത്തിലെ ഏറ്റവും സജീവവും പ്രഫുല്ലവുമായ ശാഖയായി മാറിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മലയാള ചെറുകഥയുടെ ചരിത്രം വേങ്ങയിൽ കുഞ്ഞിരാമൻ നായരിൽ നിന്ന് തകഴിയിലൂടെയും കേശവദേവിലൂടെയും പൊൻകുന്നം വർക്കിയിലൂടെയും സാമൂഹിക യാഥാർത്ഥ്യത്തിലേക്കും,എം.ടി, മുകുന്ദൻ,സക്കറിയ തുടങ്ങിയവരിലൂടെ ആധുനികതയിലേക്കും, കാക്കനാടനെയും വിജയനെയും പോലുള്ളവരിലൂടെ ഉത്തരാധുനികതയിലേക്കും വളർന്ന വഴിത്താര അദ്ദേഹം വിശദമായി ഓർമ്മിപ്പിച്ചു.

ന്യൂഡൽഹിയിൽ താമസിച്ചിരുന്ന മലയാളി എഴുത്തുകാരും കവികളും സൃഷ്ടിച്ച 'ഡൽഹി സ്കൂൾ' തന്നെയാണ് മലയാള സാഹിത്യത്തിന്റെ രണ്ടാം കുതിപ്പിന് അടിത്തറയിട്ടതെന്ന് അദ്ദേഹം

പറഞ്ഞു. അതുപോലെ തന്നെ, ഇന്ന് ഇന്റർനെറ്റ് യുഗം ലോകസാഹിത്യത്തിലേക്കുള്ള നേരിട്ടുള്ള വാതിൽ തുറന്നതോടെ, വിദേശ മലയാളികൾ പുതിയ ശൈലികളും ആഖ്യാനങ്ങളും കണ്ടെത്തുകയാണെന്നും ഡോ.പിള്ള വിലയിരുത്തി.

പ്രഭാഷണത്തിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗങ്ങളിലൊന്നായിരുന്നു ആമസോണിന്റെ സ്വാധീനത്തെക്കുറിച്ചുള്ള ചർച്ച. ഇന്നത്തെ സാഹിത്യത്തിൽ വായനക്കാരൻ 'കൺസ്യൂമർ' ആണെന്നും, വിപണി നിർണ്ണയിക്കുന്ന ചില മാനദണ്ഡങ്ങൾ എഴുത്തിൽ സ്വാധീനിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കിൻഡിൽ ഡയറക്റ്റ് പബ്ലിക്കേഷൻ പോലുള്ള സംവിധാനങ്ങൾ എഴുത്തുകാരന് പ്രസാധകരില്ലാതെ തന്നെ ലോകവ്യാപകമായി എത്താൻ അവസരം ഒരുക്കുന്നുവെന്നും, വായനയുടെ അടിസ്ഥാനത്തിൽ പ്രതിഫലം ലഭിക്കുന്ന ഒരു പുതിയ സമ്പദ്‌വ്യവസ്ഥയാണ് അവിടെ നിലനിൽക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. എന്നാൽ, സാഹിത്യം നിർബന്ധമായും വരുമാന മാർഗമാകണം എന്നില്ലെന്നും, ആത്മാവിഷ്കാരമാണ് ലക്ഷ്യമെങ്കിൽ ആ വഴിയും വിശുദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രത്യേകിച്ച് വിദേശ മലയാളികൾ സാമ്പത്തിക ലാഭം നോക്കാതെ സാഹിത്യ പ്രവർത്തനത്തിൽ ഏർപ്പെടുന്നതാണ് മലയാളിയുടെ സാംസ്കാരിക മൂല്യം ഉയർത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ചാറ്റ് ജിപിറ്റിയുടെയും നിർമ്മിത ബുദ്ധിയുടെയും സാധ്യതകളെക്കുറിച്ചും ഡോ.എം.വി. പിള്ള വിശദീകരിച്ചു. ഒരു എഴുത്തുകാരന്റെ ശൈലിയും ചിന്താരീതിയും തിരിച്ചറിഞ്ഞാൽ, ആ ശൈലിയിൽ തന്നെ പുതിയ രചനകൾ സൃഷ്ടിക്കാനും, അവയെ വിവിധ ഭാഷകളിലേക്ക് എത്തിക്കാനും ഇന്നത്തെ സാങ്കേതിക വിദ്യക്ക് കഴിയുമെന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം. "നിങ്ങൾ ഇല്ലാതായാലും നിങ്ങളുടെ കവിതകൾ ലോകം ചുറ്റും പറക്കും" എന്ന വാചകം വേദിയിൽ പ്രത്യേക ആവേശം സൃഷ്ടിച്ചു.

മെഡിക്കൽ രംഗത്തടക്കം അറിവ് മലയാളത്തിൽ ഉടൻ ലഭ്യമാക്കാൻ കഴിയുന്ന കാലത്തേക്കാണ് ലോകം നീങ്ങുന്നതെന്നും, വിവർത്തനങ്ങൾ ഇനി വലിയ വെല്ലുവിളിയല്ലാതാകുമെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യന്റെ സർഗ്ഗാത്മകതയെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കുന്ന ഒരു പരായണത്തിലേക്കാണ് ചാറ്റ് ജിപിറ്റിപോലുള്ള സാങ്കേതികവിദ്യകൾ നമ്മെ നയിക്കുന്നതെന്നും ഡോ.പിള്ള അഭിപ്രായപ്പെട്ടു.



# പ്രവാസികളുടെ സാഹിത്യസ്നേഹവും മാനവികതയും അഭിനന്ദനാർഹം: ദലീമ ജോജോ എം.എൽ.എ.



**മീട്ടു റഹ്മത്ത് കലാം**

ഇമലയാളി അവാർഡ് നൈറ്റിൽ അതിഥിയായി പങ്കെടുത്ത പ്രശസ്ത ഗായികയും നിയമസഭാംഗവുമായ ദലീമ ജോജോ, വിദേശ മലയാളികൾ മലയാള സാഹിത്യത്തോടും ജന്മനാടിനോടും പുലർത്തുന്ന ആത്മബന്ധം പ്രശംസനീയമാണെന്ന് പറഞ്ഞു. എഴുത്തുകാരെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഇമലയാളിയുടെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും അവർ അഭിപ്രായപ്പെട്ടു.

''ഒരു നാടിന്റെ നാവാണ് എഴുത്ത്. അതിനെ സ്നേഹിക്കാനും കരുതാനും കഴിയുന്ന മനസ്സാണ് ഇമലയാളിയുടെ ഈ വേദിയിലൂടെ ഞാൻ തിരിച്ചറിയുന്നത്,'' എന്ന് ദലീമ ജോജോ പറഞ്ഞു. മറ്റു രാജ്യങ്ങളിൽ ജീവിച്ചിട്ടും സഹജീവികളെ കരുതുന്ന മനസ്സാണ് പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സവിശേഷതയെന്നും, കനിവ് പോലുള്ള ചാരിറ്റബിൾ പ്രവർത്തനങ്ങൾ അതിന്റെ ഉദാഹരണമാണെന്നും അവർ ചൂണ്ടിക്കാട്ടി.

തന്റെ രാഷ്ട്രീയജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തിയ വ്യക്തിയായി തോമസ് ടി. ഉമ്മനെ അവർ ഓർമ്മിച്ചു. ഫോമയുമായി തന്നെ ബന്ധിപ്പിച്ചതും അദ്ദേഹമാണെന്ന് ദലീമ പറഞ്ഞു. ''എന്ത് ചെയ്യണം എന്നറിയാത്ത അവസ്ഥയിലാണ് ഞാൻ രാഷ്ട്രീയത്തിലേക്ക് വന്നത്. ചുറ്റുമുള്ള ഒരുപാട് മനുഷ്യരുടെ സങ്കടങ്ങൾ എന്നെ അലട്ടിയിരുന്നു. അങ്ങനെയൊരു ഘട്ടത്തിലാണ് ടി ഉമ്മൻ അച്ചായൻ കടന്നുവന്നത്. അത് ഞാൻ ദൈവിക ഇടപെടലായിട്ടാണ് കാണുന്നത്,'' എന്നും അവർ പറഞ്ഞു.

നമ്മുടെ നാടിന് ഒരുപാട് നന്മകളുണ്ടെങ്കിലും, അവ നഷ്ടപ്പെടുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്ന് ദലീമ ജോജോ അഭിപ്രായപ്പെട്ടു. സ്വാർത്ഥതയും മതപരിധികളിൽ ഒതുങ്ങിയ സഹായങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ, ജാതിമതഭേദമന്യേ ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്ന സംസ്കാരമാണ് മലയാളികൾക്കുള്ളതെന്നും അവർ വ്യക്തമാക്കി. ''ഓണം നമ്മുടെ സ്വന്തം ഉത്സവമാണ്. ഓണത്തിന്റെ മഹത്വവും അതു തന്നെയാണ്,'' എന്നും അവർ കൂട്ടിച്ചേർത്തു.

എഴുത്തിനോടും സംഗീതത്തോടും ഒരുപോലെ അടുപ്പമുണ്ടെന്ന് പറഞ്ഞ ദലീമ, പണ്ട് കഥ എഴുതാൻ ശ്രമിച്ചിരുന്നുവെന്നും വെളിപ്പെടുത്തി. ''പാട്ട് മാത്രമല്ല, എഴുത്തും എനിക്ക് ഇഷ്ടമാണ്. എന്റെ കുടുംബത്തിൽ എഴുത്തുകാരും കവിത എഴുതിയവരും നല്ല ഗായകരുമുണ്ടായിരുന്നു. പാടുമ്പോൾ അതിലെ എഴുത്തിലൂടെ സഞ്ചരിച്ചാൽ മാത്രമേ പാട്ട് പൂർണ്ണമാവുകയുള്ളൂ. ഇന്ന് പലരും കവിത പാടുമ്പോൾ എഴുത്തിനെ അവഗണിക്കുന്നു. അങ്ങനെ വരുമ്പോൾ അതിന്റെ ഫീൽ നഷ്ടപ്പെടും,'' എന്നും അവർ പറഞ്ഞു.

ഇമലയാളി അവാർഡ് വേദിയിൽ പുരസ്കാരങ്ങൾ നേടുന്ന എഴുത്തുകാരെ അഭിനന്ദിച്ച ദലീമ ജോജോ, സമൂഹത്തിന് മനോഹരമായ എഴുത്തുകൾ സമ്മാനിക്കുന്നവർക്കെല്ലാം ആശംസകൾ നേർന്നു. സാഹിത്യകൃതികളെ വളർത്തുന്നതിനൊപ്പം സാമൂഹിക സേവനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്ന ഈ സംരംഭം കൂടുതൽ ശക്തിപ്പെടണമെന്നും അവർ അഭിപ്രായപ്പെട്ടു.

ചാരിറ്റി പ്രവർത്തനങ്ങൾ രാഷ്ട്രീയത്തിലേക്ക് വന്നശേഷം തുടങ്ങിയതല്ലെന്നും, അത് പണ്ടുമുതലേ മനസ്സിൽ നിറഞ്ഞുനിന്ന വികാരമാണെന്നും അവർ പറഞ്ഞു. വർഷങ്ങൾക്കുമുമ്പ് തന്നെ മാനവദുഃഖങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ള വരികൾ ഓർമ്മിപ്പിച്ച അവർ, ''ഇന്ന് രാഷ്ട്രീയജീവിതത്തിൽ ഒരു കോടി വ്യഥകളുടെ നടുവിലാണ് ഞാൻ നിൽക്കുന്നത്. ആ വ്യഥകളിൽ സഹായഹസ്തവുമായി എത്തുന്ന ഒരുപാട് പേരാണ് ഈ പ്രവർത്തനങ്ങൾക്ക് പിന്നിൽ,'' എന്നും പറഞ്ഞു.

''നമ്മളെല്ലാം മനുഷ്യർ മാത്രമാണ്. നിറത്തിന്റെയോ ജാതിയുടെയോ പേരിൽ മഹത്വം പറയുന്നത് തെറ്റിദ്ധാരണയാണ്. ദൈവം നൽകിയ സമ്പാദ്യങ്ങളും സൗഭാഗ്യങ്ങളും ക്ഷണികമാണ്. ഈ സത്യം തിരിച്ചറിഞ്ഞ് നന്മകൾ ചെയ്തു കടന്നുപോകാൻ എല്ലാവർക്കും സാധിക്കട്ടെ,'' എന്ന ആശംസകളോടെ ദലീമ ജോജോ തന്റെ പ്രസംഗം സമാപിപ്പിച്ചു.





FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN


PLAN FOR PEACE OF MIND
Make your choices now
SouthPark
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# ഭാഷയുടെ രാഷ്ട്രീയം മുതൽ മലയാളിയുടെ നിലനിൽപ്പ് വരെ: സക്കറിയയുടെ ആശങ്കകൾ




മീട്ടു റഹമത്ത് കലാം

ആധുനിക ലോകത്ത് മലയാളി നേരിടുന്ന സാംസ്കാരികരാഷ്ട്രീയ വെല്ലുവിളികളെയും, അമേരിക്കയിലെ മലയാളി സംഘടനകളുടെ പ്രവർത്തനങ്ങളെയും, മലയാള സാഹിത്യത്തിന്റെ ഭാവിയെയും ആഴത്തിൽ വിശകലനം ചെയ്യുന്ന രീതിയിലാണ് ഇമലയാളി സാഹിത്യ അവാർഡ് നൈറ്റിൽ പ്രശസ്ത എഴുത്തുകാരൻ സക്കറിയ പ്രസംഗിച്ചത്.ചാറ്റ് ജിപിറ്റിയെ ഒരു സുഹൃത്തായി കാണാമെങ്കിലും, അതുപറയുന്നതെല്ലാം വിശ്വസിക്കുന്നത് വലിയ അബദ്ധമാകുമെന്ന മുന്നറിയിപ്പ് അദ്ദേഹം ശ്രോതാക്കൾക്ക് നൽകി. ''എന്റെ മൂന്നാല് കഥകൾ കൊടുത്താൽ അതിലും മെച്ചപ്പെട്ട ഒരു കഥ ഉണ്ടാക്കി തരാൻ ചാറ്റ് ജിപിറ്റിക്ക് കഴിയും. ഒരു വൺലൈൻ കൊടുത്താൽ മതി,'' എന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം. അതേസമയം, ആമസോൺ പോലുള്ള പ്ലാറ്റ്ഫോമുകൾ ജെഫ് ബെസോസ് ആരംഭിച്ച സംവിധാനങ്ങൾസൃഷ്ടിപ്രവർത്തനത്തെ നിയന്ത്രിക്കുന്ന ഭീകരമായ അവസ്ഥ ഉണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇമലയാളി പോലുള്ള ഒരു ഓൺലൈൻ പ്രസിദ്ധീകരണം അമേരിക്കയിൽ വർഷങ്ങളോളം മുന്നോട്ട് കൊണ്ടുപോകുന്നതിലെ കഷ്ടപ്പാട് തനിക്ക് നന്നായി മനസ്സിലാകു

ന്നുണ്ടെന്നും സക്കറിയ പറഞ്ഞു. അമേരിക്കൻ മലയാളികൾക്കും കേരളം വിട്ടുപോകുന്ന മലയാളികൾക്കും എപ്പോഴും നാടിനോടൊരു ഗൃഹാതുരത്വമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഏകദേശം എഴുപത് വർഷങ്ങൾക്ക് മുമ്പ് തന്നെ കേരളം വിട്ടുപോയവരെ ഉൾപ്പെടുത്തി രൂപംകൊണ്ട കൽക്കട്ട മലയാളി അസോസിയേഷൻ പോലുള്ള സംഘടനകളെപ്പറ്റി പറയുകയും, മാധവിക്കുട്ടി ഉൾപ്പെടെയുള്ള എഴുത്തുകാരുടെ ഉയിർത്തെഴുന്നേൽപ്പ് ഈ നോസ്റ്റാൾജിയയുടെ ഫലമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ന്യൂഡൽഹിയിലും ബോംബെയിലും മലയാളി അസോസിയേഷനുകൾ രൂപപ്പെട്ടതും ഇതേ മനോഭാവത്തിന്റെ തുടർച്ചയാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ മറ്റ് ഭാഷാസമൂഹങ്ങളിൽ കുടിയേറ്റക്കാർക്കിടയിൽ ഇത്തരമൊരു സാംസ്കാരിക പ്രവർത്തനസാന്നിധ്യം അപൂർവമാണെന്നും, എന്നാൽ ഭാഷയോടുള്ള പ്രതിബദ്ധതയിൽ മലയാളികളേക്കാൾ മുന്നിലാണ് തമിഴർ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗൾഫിലേക്ക് പോയവരെ കുടിയേറ്റക്കാരായല്ല, പ്രവാസികളായാണ് കാണേണ്ടതെന്ന് സക്കറിയ വിശദീകരിച്ചു. അവിടേക്ക് പോയവർ പലരും വർഷങ്ങൾക്കുശേഷം തിരികെ വരുകയോ മറ്റിടങ്ങളിലേക്ക് മാറുകയോ ചെയ്യുന്നു. എന്നാൽ യൂറോപ്പ്, ഓസ്ട്രേലിയ, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുന്നവരിൽ വലിയൊരു വിഭാഗം അവിടെ വേരുറപ്പിക്കുന്ന കുടിയേറ്റക്കാരായി മാറുകയാണ്. അങ്ങനെയാകുമ്പോൾ, കേരളത്തോടുള്ള സ്നേഹവും പ്രതിബദ്ധതയും ഭാഷയോടുള്ള സ്നേഹത്തിലൂടെയാണ് ഏറ്റവും ശക്തമായി പ്രകടമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. “നാൽപത് വർഷം ന്യൂയോർക്കിൽ ഒരു സാംസ്കാരിക സംഘടന നടത്തി എന്താണ് നേടുന്നത് എന്ന് ചോദിച്ചാൽ ഒന്നുമില്ല. അതൊരു ആത്മസംതൃപ്തിയാണ്,” എന്നും അദ്ദേഹം വ്യക്തമാക്കി.

ന്യൂയോർക്ക് പോലുള്ള അതിവേഗം മുന്നേറുന്ന അമേരിക്കൻ സമൂഹത്തിനിടയിൽ ഒരു പ്രത്യേക ഐഡന്റിറ്റിയുമായി മുന്നോട്ട് പോകുന്നത് എളുപ്പമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അമ്പത് വർഷങ്ങൾക്ക് മുൻപ് അമേരിക്കയിൽ എത്തിയവർക്ക് ഇന്റർനെറ്റോ സുലഭമായ ടെലിഫോൺ സംവിധാനങ്ങളോ ഇല്ലായിരുന്ന കാലത്ത് പോലും ഭാഷാസ്നേഹം നിലനിന്നിരുന്നു എന്നത് ശ്രദ്ധേയമാണെന്ന് സക്കറിയ പറഞ്ഞു. 1988-ൽ താൻ ആദ്യമായി അമേരിക്കയിൽ എത്തിയതുമുതൽ കഴിഞ്ഞ വർഷംവരെ നടത്തിയ യാത്രകളിൽ അദ്ദേഹം കണ്ട അമേരിക്കയെക്കുറിച്ചും പരാമർശിച്ചു.

1990-കളിലും 2000-കളിലും അമേരിക്കയിലെ മലയാളി സംഘടനകൾ ജാതിമതഭേദമില്ലാതെ മലയാളത്തിനായി പ്രവർത്തിച്ചിരുന്നുവെന്ന് അദ്ദേഹം ഓർമ്മിച്ചു. എന്നാൽ ഇന്ന് ആ സാംസ്കാരിക പ്രവർത്തനങ്ങൾ ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ആരാധനാലയങ്ങളിൽ ഒതുങ്ങിപ്പോയതായി തോന്നുന്നുവെന്നും, അത് വളരെ ദൗർഭാഗ്യകരമാണെന്നും അദ്ദേഹം തുറന്നുപറഞ്ഞു. അത്യന്തം സൃഷ്ടിപരവും ബുദ്ധിമതികളും ആയ ഒരു സമൂഹത്തിന്റെ നടുവിൽ ജീവിച്ചുകൊണ്ട് വീണ്ടും പഴയ ജാതിവ്യവസ്ഥകളിലേക്ക് മടങ്ങുന്ന പ്രവണത തനിക്ക് ആശങ്കയുണ്ടാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഓരോ ഉപജാതിക്ക് വരെ സ്വന്തം അസോസിയേഷനുകൾ അമേരിക്കയിൽ ഉണ്ടാകുന്നത് ഒരു അധപതനമായി കാണുന്നത് തുറന്നുപറയാൻ മടിയില്ലെന്നും സക്കറിയ വ്യക്തമാക്കി. ഇത് കേരളത്തിൽ നടക്കുന്ന രാഷ്ട്രീയവർഗീയ ധ്രുവീകരണത്തിന്റെ പ്രതിഫലനം ആകാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

“സാഹിത്യത്തിന് തന്നെ അർത്ഥമില്ലാത്ത ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവി

ക്കുന്നത്. അത് ഇന്ന് ടോട്ടലി ഇൻസിഗ്നിഫിക്കന്റും ഇറിലവന്റുമാണ്,'' എന്ന കടുത്ത നിരീക്ഷണവും സക്കറിയ നടത്തി. മലയാളികൾ നേരിടുന്ന യഥാർത്ഥ ഭീഷണി മൂന്ന് മതങ്ങൾക്കിടയിൽ ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ സംഘർഷം സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണെന്നും, ആ സാമൂഹിക സൗഹാർദ്ദത്തിന്റെ അടിത്തറ തകർക്കാൻ ബാഹ്യശക്തികളും അവർക്കുള്ള ആഭ്യന്തര പിന്തുണയും പ്രവർത്തിക്കുന്നുവെന്നതാണ് തന്റെ ഏറ്റവും വലിയ പേടിയെന്നും അദ്ദേഹം പറഞ്ഞു. ''ഒരു മലയാളി എന്നതൊഴിച്ചാൽ എനിക്ക് വേറൊരു ഐഡന്റിറ്റിയില്ല. ജാതിചിന്തയുമില്ല, എഴുത്തുകാരൻ എന്ന ഐഡന്റിറ്റി പോലുമില്ല,'' എന്ന് പറഞ്ഞ അദ്ദേഹം, ഈ അടിത്തറ തകർന്നാൽ കേരളത്തിലെ ജീവിതം ഹിന്ദുവിനും മുസ്ലിമിനും ക്രിസ്ത്യാനിക്കും ഒരുപോലെ ദുസ്സഹമാകുമെന്ന് മുന്നറിയിപ്പ് നൽകി.


ഈ സാഹചര്യത്തിൽ നമ്മുടെ യഥാർത്ഥ രാഷ്ട്രീയം ഈ പ്രതിസന്ധിയുടെ രാഷ്ട്രീയമായിരിക്കണമെന്നും, മതസമൂഹങ്ങൾ തമ്മിൽ കലഹിച്ചല്ല ഇവിടെ ജീവിക്കേണ്ടതെന്ന് ഉറപ്പുവരുത്തുക തന്നെയാണ് നമ്മുടെ രാഷ്ട്രീയ ലക്ഷ്യമെന്നും സക്കറിയ വ്യക്തമാക്കി. അമേരിക്കയിൽ കണ്ട ഈ പ്രവണതകളുടെ പശ്ചാത്തലത്തിലാണ് ഇമലയാളി പോലുള്ള പ്രസിദ്ധീകരണം ആദർശപരമായി ഗ്ലോബൽ മലയാളികൾക്കായി ഇത്തരമൊരു സാഹിത്യ അവാർഡ് നൈറ്റ് സംഘടിപ്പിക്കുന്നത് പ്രശംസ അർഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

മലയാള സാഹിത്യം പുതിയ പാതകളിലൂടെ മുന്നേറുന്നതിന്റെ ഏറ്റവും തെളിഞ്ഞ ഉദാഹരണമായി പ്രൊഫ.ബാബു എബ്രഹാം രചിച്ച 'കമ്പിളിക്കണ്ടത്തിലെ കൽഭരണികൾ 'എന്ന കൃതിയുടെ വിജയത്തെ സക്കറിയ ചൂണ്ടിക്കാട്ടി. ''വിൽപനയുടെ കണക്കല്ല ഞാൻ പറയുന്ന വിജയം. പരമ്പരാഗത സാഹിത്യകാരന്മാരുടെ ഇടയിലൂടെ ഒരു പുതിയ പാത വെട്ടിക്കയറുകയാണ് ബാബു ചെയ്തത്,'' എന്നും അദ്ദേഹം പറഞ്ഞു. ഉത്തരാധുനികത പോലും ഇന്ന് പരമ്പരാഗതമായി മാറിയ സാഹചര്യത്തിൽ, മലയാള ഭാഷയെയും സാഹിത്യത്തെയും മറ്റൊരു വഴിയിലേക്ക് നയിച്ചിരിക്കുന്ന ഇത്തരം ശ്രമങ്ങൾ തുടരണമെന്നും, പുതിയ തലമുറയിലെ എഴുത്തുകാർ പുതുമയുള്ള വഴികളിലൂടെ മുന്നേറട്ടെയെന്നും ആശംസിച്ചുകൊണ്ടാണ് സക്കറിയ തന്റെ പ്രസംഗം സമാപിപ്പിച്ചത്.





415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA


the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# പ്രവാസത്തിന്റെ ഒഴുക്കിൽ ചേർന്നൊഴുകാൻ വിളിക്കുന്ന 'കൽഭരണികൾ':

## പ്രൊഫ. ബാബു എബ്രഹാമിന്റെ വാക്കുകൾ ശ്രദ്ധേയമായി



**മീട്ടു റഹ്മത്ത് കലാം**

പ്രവാസജീവിതത്തിന്റെ സങ്കീർണതകളും മതജാതി അതിർവരമ്പുകൾക്കപ്പുറമുള്ള മനുഷ്യസ്നേഹത്തിന്റെ രാഷ്ട്രീയം കൂടി ആഴത്തിൽ തുറന്നുകാട്ടിയ പ്രഭാഷണമാണ് ഇമലയാളി അവാർഡ് ദാനചടങ്ങിൽ പ്രൊഫ.ബാബു എബ്രഹാം നടത്തിയത്. തന്റെ കൃതിയായ കമ്പിളിക്കണ്ടത്തിലെ കൽഭരണികളെ ആസ്പദമാക്കി സംസാരിച്ച അദ്ദേഹം, കുടിയേറ്റം ഒരു 'പുഴ'യാണെന്നും അതിന് ഒരുപോലെ ഒറ്റയ്ക്കും കൂട്ടായും ഒഴുകുന്ന സ്വഭാവമുണ്ടെന്നും അഭിപ്രായപ്പെട്ടു.

കുടിയേറ്റത്തിന്റെ ഒഴുക്കിൽ മതവും ജാതിയും സമുദായവും വരച്ചിടുന്ന അതിർവരമ്പുകൾ മറികടന്ന് സ്നേഹിക്കാനും കരുതൽ നൽകാനും പഠിപ്പിക്കുന്ന അനുഭവരേഖയാണ് തന്റെ പുസ്തകത്തിന്റെ ഉള്ളടക്കമെന്നും എന്ന് അദ്ദേഹം വ്യക്തമാക്കി. ''നമ്മൾ ഒറ്റയ്ക്ക് ഒഴുകുന്ന പുഴയാണോ, അല്ലെങ്കിൽ അടുത്ത തലമുറയുടെ ഒഴുക്കിനൊപ്പം ചേർന്ന് ഒഴുകുന്നുണ്ടോ എന്നത് ആത്മപരിശോധന ആവശ്യപ്പെടുന്ന ചോദ്യമാണ്,'' എന്നും അദ്ദേഹം പറഞ്ഞു.

സ്വയം 'എഴുത്തുകാരൻ' എന്ന അവകാശവാദം ഉന്നയിക്കാതെ, പ്രവാസജീവിതത്തിലെ ദുഃഖാനുഭവങ്ങളാണ്




എഴുത്തിലേക്ക് നയിച്ചതെന്ന് പറഞ്ഞ ബാബു എബ്രഹാം, മതം മനുഷ്യനെ നിർവചിക്കരുതെന്നും, മനുഷ്യനെ കൂടുതൽ നല്ല മനുഷ്യനാക്കാൻ സഹായിക്കുന്നിടത്തോളം മാത്രമേ മതങ്ങൾക്ക് മൂല്യമുണ്ടാവൂ എന്നും അഭിപ്രായപ്പെട്ടു. ഒരു മനുഷ്യനെ മതപരമായ പേരു കേട്ട് വിധിക്കുന്ന മനോഭാവം തന്നെ ആത്മീയ പരാജയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മതചിന്തകളെ വിമർശിക്കുന്നത് സ്നേഹത്തിൽ നിന്നുള്ള സ്വാഭാവിക പ്രതികരണമാണെന്നും, വിമർശനത്തെ ഭയപ്പെടേണ്ടതില്ലെന്നും പ്രഭാഷണം ഓർമ്മിപ്പിച്ചു. ''സ്നേഹിക്കാത്തതും കരുതൽ നൽകാത്തതും നല്ലതല്ല. മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നിടത്താണ് മതത്തിന്റെ യഥാർത്ഥ പ്രസക്തി,'' എന്നായിരുന്നു അദ്ദേഹം വിശദീകരിച്ചത്.

കൃതി ദാരിദ്ര്യത്തെ മഹത്വവൽക്കരിക്കുന്നതല്ല, മറിച്ച് പ്രത്യാശയുടെ സുവിശേഷമാണെന്നും അദ്ദേഹം പറഞ്ഞു. ഇല്ലായ്മകളുടെയും സങ്കടങ്ങളുടെയും സാക്ഷ്യങ്ങളാണ് നമ്മളെ നമ്മളാക്കുന്നതെന്നും, ഇന്നത്തെ വേദനകളെ മാത്രം മഹത്വവൽക്കരിക്കാതെ ഭൂതകാലത്തെ ഓർത്താൽ ഇന്നത്തെ പ്രശ്നങ്ങളെ ചിരിയോടെ നേരിടാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുസ്തകം സ്വീകരിക്കപ്പെട്ടത് വിപണിവിജയത്തിന്റെ പേരിലല്ല, വായനക്കാർക്ക് സ്വന്തം ജീവിതത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ അതിലെ താളുകളിൽ കണ്ടതുകൊണ്ടാണെന്ന വിലയിരുത്തലും അദ്ദേഹം നടത്തി.

താൻ എഴുതിയത് നന്ദികുന്നേൽ മേരി എന്ന ഒരാളുടെ മാത്രം കഥയല്ല; മക്കൾക്കായി ത്യാഗം സഹിച്ച എല്ലാ വിലാസിനിമാരുടെയും മറിയാമ്മമാരുടെയും ഫാത്തിമമാരുടെയും പ്രതീകമാണതെന്നും, അതിൽ മതപരമായ വേർതിരിവുകളില്ലെന്നും അദ്ദേഹം പറഞ്ഞു. തന്റെ 26-ാം വയസുവരെ നീളുന്ന ജീവിതാനുഭവങ്ങളാണ് കൽഭരണികളിലെ അടിസ്ഥാനം; ഇല്ലായ്മയിൽ നിന്ന് കരകയറാൻ പഠിപ്പിച്ച ഒരു സ്ത്രീയുടെ ചരിത്രമാണ് അതെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രവാസികളായ മാതാപിതാക്കളുടെ ആശങ്കകളിലേക്കും അദ്ദേഹം ശ്രദ്ധ തിരിച്ചു. കുട്ടികളുടെ വിദ്യാഭ്യാസവും സാമ്പത്തികവിജയവും മാത്രമല്ല, അവരുടെ വ്യക്തിജീവിത തീരുമാനങ്ങളോടുള്ള തുറന്ന സമീപനവും ആവശ്യമാണ് എന്ന് പറഞ്ഞ അദ്ദേഹം, ''നമ്മൾ സൃഷ്ടിക്കുന്ന സുരക്ഷിത മതിലുകൾ പലപ്പോഴും നമ്മുടെ തന്നെ ഭയങ്ങളിൽ നിന്നാണ്,'' എന്നും അഭിപ്രായപ്പെട്ടു. സത്യസന്ധതയും പരദർശിതയുമാണ് പുതിയ തലമുറ മാതാപിതാക്കളിൽ നിന്ന് ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കമ്പിളിക്കണ്ടത്തിലെ കൽഭരണികൾ ഒരു സ്തോത്രഗീതവും കൃതജ്ഞതാരാധനയുമാണെന്ന് രചയിതാവ് വ്യക്തമാക്കി. പ്രവാസജീവിതത്തിന്റെ സത്യങ്ങൾ തുറന്നുപറഞ്ഞ ഈ പ്രഭാഷണം, സദസ്സിനെ ആഴത്തിൽ ചിന്തിപ്പിച്ചു.



# ചിലരുടെ ഉറക്കം കെടുത്തുന്ന ഹനുമാൻ



സന്തോഷ് പിള്ള

ഹനുമാൻറെ പ്രതിമ ടെക്സസിൽ വേണ്ട എന്ന് അമേരിക്കയിലെ ചില രാഷ്ട്രീയക്കാർ മുറവിളി കൂട്ടാൻ ആരംഭിച്ചിട്ടുണ്ട്. 90 അടി ഉയരമുള്ള അമേരിക്കയിലെ മൂന്നാമത്തെ വലുപ്പമേറിയ ശില്പം സ്ഥാപിക്കുവാൻ എന്തിനാണ് അനുമതി കൊടുത്തത് എന്നൊക്കെ അവർ ചോദിക്കുന്നു.

അങ്ങനെ ഇപ്പോൾ വളരെ ചർച്ചാ വിഷയമായിരിക്കുന്ന ഹനുമാനെ ഒന്നുപോയി കണ്ടുകളയാം എന്നു വിചാരിച്ച് ഹൂസ്റ്റണിലേക്ക് വണ്ടിതിരിച്ചു. ഷുഗർലാണ്ടിൽ എത്തിയപ്പോൾ, ദൂരെ നിന്നുതന്നെ തല യുയർത്തി നിൽക്കുന്ന പ്രതിമ കണ്ണിൽപ്പെട്ടു. പക്ഷെ അടുക്കുംതോറും അതൊരു സ്ത്രീയുടെ പ്രതിമയാണ് എന്ന തിരിച്ചറിവുണ്ടായി.

അയ്യോ ഇനി നാട്ടിൽ നിന്നും ഇത്രയും ദൂരം ചാടി വന്നപ്പോൾ ആഞ്ജനേയൻ സ്ത്രീ ആയി മാറിയോ?

അതിനടുത്തെത്തിയപ്പോഴാണ് അമളി മനസ്സിലായത്. അതൊരു ബുദ്ധ ക്ഷേത്രത്തിനോടുചേർന്നുള്ള മനോഹരമായ പൂന്തോട്ടത്തിൽ നിലയുറപ്പിച്ച 'ക്വാൻ ആം' എന്ന കാരുണ്യ ദേവതയുടെ പ്രതിമയാണെന്ന്. ഉയരം 72 അടി. അവിടെ നിന്നും തിരിഞ്ഞുനോക്കിയപ്പോൾ, അതാ നിൽക്കുന്ന 90 അടിക്കാരൻ ഹനുമാൻ.

ഹാവൂ സമാധാനമായി--- വായുപുത്രൻ ഒറ്റക്കല്ലല്ലോ. കൂട്ടിനായി വിയറ്റ്നാംകാരി കൂടെ ഉണ്ടല്ലോ.

ഹനുമാൻ സ്വാമി നിത്യബ്രഹ്മചാരിയായത് മറ്റൊരു ഭാഗ്യം. പീഡന സാദ്ധ്യത ഒട്ടും





തന്നെ ഇല്ല!.

ഹനുമാന്റെ പ്രതിമക്കടുത്തു ചെന്നപ്പോൾ, അയ്യോ ഇതത്ര വലിപ്പമൊന്നും ഇല്ലല്ലോ എന്നാണാദ്യം ചിന്തിച്ചത്.

ടെക്സസിലെ ഏറ്റവും ഉയരം കൂടിയ ''ഫെറിസ് വീൽ'' എന്ന ആകാശ തൊട്ടിക്ക് 212 അടി ഉയരമുണ്ടല്ലോ?

അമേരിക്കയിലെ ഏറ്റവും ഉയരം കൂടിയ, സ്റ്റാച്യു ഓഫ് ലിബർട്ടിക്ക് 151 അടിയും, രണ്ടാമത്തെ ഉയരക്കാരനായ പെഗാസസ് ആൻഡ് ഡ്രാഗൺ പ്രതിമക്ക് 110 അടിയും ആകുന്നു. ഉയരത്തിന്റെ കാര്യത്തിൽ മൂന്നാമനായി വന്നിരിക്കുകയാണ് വായുപുത്രൻ.

ചതുരത്തിലുള്ള ഒരു പൊയ്കയിലാണ് പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. പിച്ചള നിറത്തിലുള്ള പീഠത്തിൽ മനോഹരമായ കൊത്തുപണികളും ചെയ്തിരിക്കുന്നു. പീഠം ആനകൾ താങ്ങിനിറുത്തുന്ന എന്ന രീതിയിലാണ് നിലകൊള്ളുന്നത്. നാല് മാനുകൾക്ക് ഒരു തലയും, അതേപോലെ മൂന്നു കുരങ്ങന്മാർക്ക് ഒരു തലയും പോലെയുള്ള ശില്പങ്ങളും പീഠത്തെ കൗതുകമുള്ളതാക്കുന്നു.

ഷുഗർലാൻഡ് സിറ്റിയിലേക്കുള്ള ആകർഷണ കേന്ദ്രമായി മാറിയിട്ടുള്ള ശില്പത്തെ എന്തുകൊണ്ടായിരിക്കാം ചില അമേരിക്കക്കാർ എതിർക്കുന്നത്?

അമേരിക്കയിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള വിഭാഗം (Median house hold income ) ഇന്ത്യക്കാരാണ്. ഇവിടെ ജനിച്ചുവളർന്ന വെളുത്ത വർഗ്ഗക്കാരേക്കാൾ കൂടുതലാണ് ഇന്ത്യക്കാരുടെ വരുമാനം.



ടെക്സസ്സിലെ റിയൽ എസ്റ്റേറ്റുകളിലെല്ലാം തന്നെ ഇന്ത്യൻ വംശജരുടെ കടന്നുകയറ്റം വളരെ പ്രകടമാണ്. കൂടാതെ, അമേരിക്കയിൽ, ഹോട്ടൽ ബിസിനസ്സ് കയ്യടക്കി വച്ചിരിക്കുന്നത് പട്ടേൽ വിഭാഗക്കാരാകുന്നു. തദ്ദേശികൾക്ക് അസൂയ ഉളവാക്കുന്ന തരത്തിൽ ഇന്ത്യൻ വംശജർ, അമേരിക്കയിൽ സാമ്പത്തിക പുരോഗതി കൈവരിച്ചു

**അടുത്ത സുഹൃത്തായ അമേരിക്കക്കാരൻ വെള്ളക്കാരൻ അഭിപ്രായപ്പെട്ടു, 'ഇന്ത്യൻ സമൂഹം കുറച്ചൊക്കെ ഒതുങ്ങിക്കൂടി ജീവിക്കാൻ ശ്രമിക്കണം, പ്രത്യേകിച്ചും ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ. എന്തിനാണ് ഇത്രവലിയ ആരാധനാലയങ്ങൾ കെട്ടിപൊക്കുന്നത്?**

കഴിഞ്ഞു. രണ്ടാം തലമുറയാകട്ടെ വൈറ്റ് ഹൌസ്സ് വരെ ഉന്നം വക്കുന്നു.

കുടിയേറുന്ന സ്ഥലങ്ങളിൽ വേരുറപ്പിച്ചുകഴിഞ്ഞാൽ പിന്നെ, പിറന്ന നാട്ടിലെ ആചാരങ്ങളും ആരാധനരീതികളുമെല്ലാം അവിടേക്ക് പറിച്ചുനടാൻ ശ്രമിക്കുക എന്ന ചിന്ത, വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ടതാകുന്നു.

12ആം നൂറ്റാണ്ടിൽ, കമ്പോഡിയയിലെ അങ്കോർ വാറ്റിൽ 402 ഏക്കറിൽ നിർമിച്ച ക്ഷേത്രമാണ് ലോകത്തിലെ ഏറ്റവും വലിയ ഹിന്ദു ക്ഷേത്രം. വലിപ്പത്തിൽ രണ്ടാം സ്ഥാനം. 2023 ൽ ന്യൂ ജേഴ്സിയിൽ 183 ഏക്കറിൽ നിർമിച്ച അക്ഷർ ധാം ക്ഷേത്രം ആകുന്നു ദൈവത്തിന് ഇത്രയും വലിയ വാസസ്ഥലം ആവശ്യമുണ്ടോ? പള്ളികൾ ആയാലും, അമ്പലങ്ങൾ ആയാലും അമേരിക്കകാരുടേതിനേക്കാൾ മുന്നിൽ നിൽക്കണം എന്ന വാശി എന്തിനാണ് ?

അടുത്ത സുഹൃത്തായ അമേരിക്കക്കാരൻ വെള്ളക്കാരൻ അഭിപ്രായപ്പെട്ടു,

'ഇന്ത്യൻ സമൂഹം കുറച്ചൊക്കെ ഒതുങ്ങിക്കൂടി ജീവിക്കാൻ ശ്രമിക്കണം, പ്രത്യേകിച്ചും ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ. എന്തിനാണ് ഇത്രവലിയ ആരാധനാലയങ്ങൾ കെട്ടിപൊക്കുന്നത്?'

കഴിഞ്ഞ മാസം, മലയാളികൾ സംഘടിപ്പിച്ച കലാപരിപാടികളിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ, സ്മാർട്ട് വാച്ച് കയ്യിൽ കിടന്ന് ബഹളം വെക്കാൻ തുടങ്ങി. മെസ്സേജ് വായിച്ചപ്പോൾ, 'വേഗം ഇവിടെ നിന്നും മാറിപോവുക, ഇനിയും ഉയർന്ന നിലയിലുള്ള ശബ്ദം ശ്രവിച്ചാൽ, ഇയർഡ്രം കേടായി പോകും' എന്നാണ് എഴുതികാണിക്കുന്നത്.. കുറേ മലയാളി യുവാക്കൾ, നാട്ടിൽനിന്നും കൊണ്ടുവന്ന ചെണ്ടയും, കൈമണിയും എല്ലാം വച്ച് വാശിക്ക് പെരുക്കുകയാണ്. അവിടുന്ന് രക്ഷപെട്ടു പോന്നപ്പോൾ, അല്പമകലെ എഴുപതുവയസ്സ് തോന്നിക്കുന്ന ഒരു സായിപ്പ് രൂക്ഷമായി വാദ്യമേളക്കാരെ വീക്ഷിച്ചുകൊണ്ട് നിൽക്കുന്നു.

ഇൻഡ്യക്കാർക്കെതിരെയുള്ള കാറ്റും കോളും മാറുമെന്നു നമ്മൾക്ക് പ്രത്യാശിക്കാം, അതുവരെ, കരുതലോടെ, അയൽവാസികളെ ശല്യപ്പെടുത്താതെ, നമ്മൾക്ക് എല്ലാ സൗഭാഗ്യങ്ങളും നൽകിയ ഈ നാട്ടിൽ സാഹോദര്യ മനോഭാവത്തോടെ നമ്മൾക്ക് ജീവിക്കാം.




JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# ഇച്ചാ ക്ലബിന്റെ ക്രിസ്മസ് പുതുവത്സര ആഘോഷവും അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് വിതരണവും




ന്യൂയോർക്ക്: ഇച്ചാ ക്ലബിന്റെ ക്രിസ്മസ്പുതുവത്സരാഘോഷവും അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് വിതരണവും 2026 ജനുവരി 9-ന് വൈകുന്നേരം 6.30 മുതൽ 10.00 വരെ ന്യൂയോർക്കിലെ വാലി കോട്ടേജിലുള്ള മലബാർ പാലസിൽ വിവിധ കലാപരിപാടികളോടെയാണ് വിപുലമായി നടന്നു. എസ്തർ ജോൺ അമേരിക്കൻ ദേശീയഗാനം ആലപിച്ചതോടെ പരിപാടിക്ക് തുടക്കം കുറിച്ചു. തുടർന്ന് സാറ ജോണും എസ്തർ ജോണും ചേർന്ന് ഇന്ത്യൻ ദേശീയഗാനം ആലപിച്ചു. ഷാജി ജോസഫ്, സാറ അമ്പാട്ട് എന്നിവർ നേതൃത്വത്തിൽ അവതരിപ്പിച്ച കരോൾ ഗാനങ്ങൾ ശ്രുതിമധുരവും ഹൃദയസ്പർശിയുമായിരുന്നു.

ICHAA ചെയർപേഴ്സൺ ബഹുമാനപ്പെട്ട ഡോ. ആനി പോൾ ചടങ്ങിൽ സന്നിഹിതരായ എല്ലാവരെയും ഹാർത്ഥമായി സ്വാഗതം ചെയ്തു. ഇച്ചാ ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ്, ക്ലബ്ബിന്റെ സ്ഥാപകയുമായും ന്യൂയോർക്ക് സ്റ്റേറ്റിലെ ആദ്യ ഇന്ത്യൻ വനിതാ കൗണ്ടി ലെജിസ്ലേറ്ററുമായ ഹോണറബിൾ ഡോ. ആനി പോളിനെ വീണ്ടും റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ വൈസ് ചെയറായി തിരഞ്ഞെടുത്തതിൽ പ്രത്യേക അഭിനന്ദനം അറിയിച്ചു. തന്റെ സന്ദേശത്തിൽ ഇച്ചാ ക്ലബിന്റെയും യൂത്ത് കൗൺസിലിന്റെയും സാമൂഹ്യ-

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിശദീകരിച്ചു.



മുഖ്യാതിഥിയായ ഇന്ത്യൻ കത്തോലിക്കാ അസോസിയേഷൻ പ്രസിഡന്റ് റോയ് ആന്റണി തന്റെ പ്രസംഗത്തിൽ ICHAA ക്ലബിന്റെ പ്രവർത്തനങ്ങൾ അഭിനന്ദിച്ചു. കേരള കോൺഗ്രസ് പ്രസിഡന്റ് നോവ ജോർജും, ഹഡ്സൺ വാലി മലയാളി അസോസിയേഷൻ പ്രസിഡന്റ് വിശ്വനാഥൻ പിള്ളയും ആശംസകൾ രേഖപ്പെടുത്തി. റവ. ഫാ. തോമസ് മാത്യുവും ആശംസകൾ അർപ്പിച്ചു സംസാരിച്ചു.






വിദ്യാഭ്യാസത്തിന് അത്യന്തം പ്രാധാന്യം നൽകിയിരുന്ന അഗസ്റ്റിൻ പോളിന്റെ സ്മരണാർത്ഥം, അദ്ദേഹത്തിന്റെ കുടുംബം സ്ഥാപിച്ച അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് ICHAAയുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. ICHAA യൂത്ത് കൗൺസിലിലെ സജീവ അംഗങ്ങളായ യുവതലമുറയെ പ്രോത്സാഹിപ്പിക്കാനും അവരുടെ ഭാവി ഉയർത്താനുമാണ് ഈ സ്കോളർഷിപ്പിന്റെ ലക്ഷ്യം. തുടർച്ചയായി രണ്ടാം വർഷമാണ് ഇത് വിതരണം ചെയ്യപ്പെടുന്നത്.









ICHAA ചെയർപേഴ്സൺ ഡോ. ആനി പോൾ, നതാഷ പോൾ, ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ് എന്നിവർ ചേർന്ന് സ്കോളർഷിപ്പ് വിതരണം നിർവഹിച്ചു. ഈ വർഷം സ്കോളർഷിപ്പിന് അർഹരായവർ: നേഹ ആന്തണി, ക്രിസ് മുണ്ടാങ്കൽ, ഒലിവിയ വർഗീസ്, നിയജോർജ്, ലിയ ജോർജ്. ICHAA യൂത്ത് കൗൺസിൽ അംഗങ്ങളുടെ വിദ്യാഭ്യാസ-പ്രൊഫഷണൽ നേട്ടങ്ങളും മികവും പരിഗണിച്ചാണ് അവാർഡ് നൽകിയത്.

ഏവ ജേക്കബ്, ആര്യ ജേക്കബ്, നവ്യ അമ്പാട്ട്, ജിയ

അമ്പാട്ട് എന്നിവർ അവതരിപ്പിച്ച 'Angels Dance" സദസ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ മനോഹരമായ നൃത്തപ്രകടനമായിമാറി.സാംസ്കാരികപരിപാടിയുടെ ഭാഗമായി സിൽപ ജോസഫ്, ജോയ് മാത്യു, ലൗലി മാത്യു എന്നിവർ ആലപിച്ച മനോഹരമായ ഗാനങ്ങൾ ആസ്വാദകശ്രദ്ധ പിടിച്ചുപറ്റി. സാറ അമ്പാട്ടിന്റെ നേതൃത്വത്തിൽ ലൈല ഷാജി, അൽഫോൺസ മാത്യൂസ്, ആനി പോൾ എന്നിവർ ചേർന്ന് അവതരിപ്പിച്ച ഗ്രൂപ്പ് ഡാൻസ് എല്ലാവരുടെയും ശ്രദ്ധ നേടി. അതോടൊപ്പം, ഡോ. സ്റ്റാൻലി ജോണും കുടുംബാംഗങ്ങളായ ഡോ. ആശാ ജോൺ, എസ്തർ ജോൺ, സാറാ ജോൺ എന്നിവർ അവതരിപ്പിച്ച ഗാനങ്ങൾ പരിപാടിക്ക് പ്രത്യേക നിറം നൽകി. മെറി ജേക്കബിന്റെ നേതൃത്വത്തിൽ കളഒഅഅ യൂത്ത് കൗൺസിൽ അംഗങ്ങളും ലിയോ ക്ലബ് അംഗങ്ങളും ചേർന്ന് ആലപിച്ച ''സൈലന്റ് നൈറ്റ്'' ഗാനം പ്രേക്ഷകരെ ഏറെ ആകർഷിച്ചു.

ICHAA ക്ലബ്ബിലൂടെ പുതിയ തലമുറയ്ക്ക് ഇന്ത്യൻ സംസ്കാരവും മൂല്യങ്ങളും പകർന്നു നൽകുന്ന പ്രവർത്തനങ്ങളെ ഏവരും അഭിനന്ദിച്ചു. എംസികളായ ഡോറിസ് ജോയിയും സ്റ്റീഫൻ ജേക്കബും പരിപാടികൾ ഭംഗിയായി അവതരിച്ചു. ഷാജി ജോസഫ്, സാറ അമ്പാട്ട് എന്നിവർ പരിപാടി കോർഡിനേറ്റർമാരായി പ്രവർത്തിച്ചു.ഷൈമി ജേക്കബ് ഭക്ഷണക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ICHAA ക്ലബ് സെക്രട്ടറി മാണി ജോർജ് നന്ദി അറിയിച്ചു.

















INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


(ICHAA)





INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


ICHAA
INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)


& ARTS AWARENESS CLUB


INDIAN CULTURAL HERITAGE
& ARTS AWARENESS CLUB
(ICHAA)



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ഡോ. ആനി പോൾ വീണ്ടും റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ വൈസ് ചെയർ

ന്യൂയോർക്ക്: ന്യൂയോർക്ക് സ്റ്റേറ്റിലെ ആദ്യ ഇന്ത്യൻ വനിതാ ലെജിസ്ലേറ്ററെന്ന ബഹുമതിയുള്ള ഡോ. ആനി പോൾ റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ വൈസ് ചെയറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായ ഏഴാം തവണയാണ് ഈ ഉത്തരവാദിത്തപ്പെട്ട സ്ഥാനത്തേക്ക് അവർ തെരഞ്ഞെടുക്കപ്പെടുന്നത്. റോക്ക്‌ലാൻഡ് കൗണ്ടി ഭരണരംഗത്ത് ദീർഘകാലമായി അവർ കാഴ്ചവെക്കുന്ന കാര്യക്ഷമമായ നേതൃത്വം, അർപ്പണബോധമുള്ള പൊതുസേവനം, ജനകീയ സമീപനം എന്നിവയ്ക്കുള്ള ശക്തമായ അംഗീകാരമായാണ് ഈ പുനർതിരഞ്ഞെടുപ്പ് വിലയിരുത്തപ്പെടുന്നത്.

2012-ൽ ആദ്യമായി റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഡോ. ആനി പോൾ, പിന്നീട് ഭൂരിപക്ഷ നേതാവായി ഉൾപ്പെടെ വിവിധ നിർണായക ഭരണ നേതൃത്വ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം, സാമൂഹിക നീതി, സമത്വപരമായ വികസനം, ന്യൂനപക്ഷങ്ങളുടെ ശാക്തീകരണം എന്നിവയാണ് അവരുടെ നിയമനിർമ്മാണ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രബിന്ദുക്കൾ.

ലെജിസ്ലേച്ചറിന്റെ ചെയർമാനായി Jay Hood Jr. തുടർച്ചയായ അഞ്ചാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. Phil Soskin രണ്ടാം വൈസ് ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് കൗണ്ടി ക്ലർക്ക് ഡോണ സിൽവർമാൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ലെജിസ്ലേച്ചറിലെ മറ്റു പ്രധാന നേതൃസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളും നടന്നു.

ലെജിസ്ലേറ്ററെന്ന നിലയിൽ കഴിഞ്ഞ പതിനാലു വർഷക്കാലം ഡോ. ആനി പോൾ നടത്തിയ സേവനങ്ങളും വികസനപരമായ ഇടപെടലുകളും മുഖ്യധാര അമേരിക്കൻ സമൂഹത്തിലും ഇന്ത്യൻ സമൂഹത്തിലും ഒരുപോലെ ഉയർന്ന അംഗീകാരം നേടി. ഡോ. ആനി പോളിന്റെ നിർദ്ദേശപ്രകാരം മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് (MWBE) എന്ന സ്പെഷ്യൽ കമ്മിറ്റിയും ഹെൽത്ത് ആൻഡ് വെൽനെസ് സ്പെഷ്യൽ കമ്മിറ്റിയും രൂപീകരിച്ചു. രാഷ്ട്രീയ നിരീക്ഷകർ ഈ കമ്മിറ്റികളുടെ രൂപീകരണത്തെ ഡോ. ആനി പോളിന്റെ ദീർഘദർശിയായ നേതൃവും സാമൂഹിക പ്രതിബദ്ധതയുമായ പ്രതീകമായി വിലയിരുത്തുന്നു. കുട്ടികളുടെ നഴ്സ് പ്രാക്ടീഷ്ണർ (Pediatric Nurse Practitioner) കൂടിയായ ഡോ. ആനി പോൾ, ഹെൽത്ത് ആൻഡ് വെൽനെസ് സ്പെഷ്യൽ കമ്മിറ്റിയിൽ ഓരോ മാസവും വിവിധ ആരോഗ്യ വിഷയങ്ങളെക്കുറിച്ച് പ്രസന്റേഷനുകൾ നടത്തുകയും, ആരോഗ്യ വിജ്ഞാനം പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത് പൊതുജനങ്ങൾക്ക് വലിയ സഹായമായിരിക്കും.




ഈ അവസരത്തിൽ തനിക്കൊപ്പം പ്രവർത്തിച്ച എല്ലാ സഹ ലെജിസ്ലേറ്റർമാർക്കും, തുടർച്ചയായ വിശ്വാസവും ശക്തമായ പിന്തുണയും നൽകിയ ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തിനും, എക്കാലവും ആത്മാർത്ഥമായ പിന്തുണ നൽകി കൂടെയുണ്ടായിരുന്ന റോക്ക്‌ലാൻഡ് കൗണ്ടിയിലെ ജനങ്ങൾക്കും ഡോ. ആനി പോൾ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. ജനങ്ങളുടെ വിശ്വാസത്തിനും സഹകരണത്തിനും അർഹമായ രീതിയിൽ പൊതുസേവനം തുടരാൻ കഴിയുന്നതാണ് തന്റെ ഏറ്റവും വലിയ പ്രചോദനമെന്നും അവർ വ്യക്തമാക്കി.

വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ വീണ്ടും മത്സരിക്കുന്നതിന് ഡെമോക്രാറ്റിക് പാർട്ടി ഡോ. ആനി പോളിന് സമ്പൂർണ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്. പൊതുസേവന രംഗത്ത് അവർ തുടർച്ചയായി കാഴ്ചവെക്കുന്ന അർപ്പണബോധവും ഉത്തരവാദിത്തപരമായ പ്രവർത്തനങ്ങളും ഭരണപരമായ മികവും പരിഗണിച്ചാണ് പാർട്ടിയുടെ ഈ ഉറച്ച നിലപാടെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു.


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# ദളപതി വിജയ് ചിത്രം 'ജനനായകൻ' പെട്ടിയിലിരിക്കുമോ..?

# മുഖ്യമന്ത്രിപദ മോഹം തകരുമോ..?

**എ.എസ് ശ്രീകുമാർ**




സെൻസർ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട നിയമപോരാട്ടം കടുത്ത അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ് ദളപതി വിജയ്‌യുടെ അവസാന സിനിമയായി കണക്കാക്കപ്പെടുന്ന ജനനായകൻ. തമിഴ്നാട് മുഖ്യമന്ത്രി പദം ലക്ഷ്യമിട്ട് സിനിമയിൽ നിന്ന് വിരമിക്കുന്ന വിജയ്‌യുടെ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് തടയിടുകയെന്ന തന്ത്രവും ജനനായകന്റെ റിലീസ് തടയുന്നതിന്റെ പിന്നാമ്പുറത്തുണ്ട്. എം.കെ സ്റ്റാലിന്റെ ഡി.എം.കെ സർക്കാരിന്റെ കടുത്ത വിമർശകനായ വിജയ് തമിഴക വെട്രി കഴകത്തിന്റെ അമരക്കാരനായാണ് രാഷ്ട്രീയ യുദ്ധത്തിലേർപ്പെട്ടിരിക്കുന്നത്.

ഈ മാസം 9-ന് റിലീസ് നിശ്ചയിച്ചിരുന്ന ചിത്രത്തിന് സെൻസർ ബോർഡ് സർട്ടിഫിക്കേറ്റ് നിഷേധിച്ചതോടെയാണ് നിയമപോരാട്ടം തുടങ്ങിയത്. ജനനായകന് അനുമതി നൽകാനുള്ള സിംഗിൾ ജഡ്ജിയുടെ ഉത്തരവ് മദ്രാസ് ഹൈക്കോടതി, സ്റ്റേ ചെയ്തതിനെത്തുടർന്ന് നിർമ്മാതാക്കൾ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഹർജി നിരസിച്ച സുപ്രീം കോടതി, നിർമ്മാണ കമ്പനിയായ കെ.വി.എൻ പ്രൊഡക്ഷൻസിനോട് മദ്രാസ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിനെ സമീപിക്കാൻ ആവശ്യപ്പെടുകയായിരുന്നു.

സെൻസർ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട നിയമപോരാട്ടങ്ങൾക്ക് അനുകൂലമായാൽ, നിർമ്മാതാക്കൾ റിപ്പബ്ലിക് ദിന ബോക്സ് ഓഫീസ് വിൻഡോയിലായിരിക്കും ലക്ഷ്യം വയ്ക്കുക. അതിനും സാധ്യത കുറവാണ്. 40-ലധികം പേരുടെ മരണത്തിനിടയാക്കിയ കരൂർ ദുരന്തത്തിൽ കഴിഞ്ഞ ദിവസം സുപ്രീം കോടതിയിലെത്തിയിരുന്നു. കേസ് 20-ഓടെ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൊങ്കൽ ഉത്സവകാലം മുതലെടുക്കാൻ ജനനായകന് കഴിയാ



**തമിഴ് രാഷ്ട്രീയത്തിൽ കൊണ്ടും കൊടുത്തും വളർന്നാലേ മുഖ്യമന്ത്രി സ്ഥാനം കിട്ടുകയുള്ളൂ. പുതിയ കാലഘട്ടത്തിൽ ഒരു സിനിമാ താരത്തിന്റെ താരപ്രഭ കണ്ട് മുഖ്യമന്ത്രിയാക്കാൻ തമിഴ് ജനത തയ്യാറാകുമോ എന്ന് കണ്ടറിയണം. എം.ജി.ആറിന്റെയും ജയലളിതയുടെയും കാലത്ത് സംഭവിച്ചത് ആവർത്തിക്കാനിടയില്ലെന്നാണ് പറയപ്പെടുന്നത്. താരാരാധനയുടെ സ്വഭാവം തന്നെ മാറിയിട്ടുണ്ടത്രേ.**

ഞ്ഞത് വലിയ തിരിച്ചടിയായി. വിജയ് തന്റെ രാഷ്ട്രീയ ജീവിതം പൂർണ്ണമായും ആരംഭിക്കുന്നതിന് മുമ്പ് അവസാനമായി അഭിനയിക്കുന്ന ചിത്രമായി പ്രചരിപ്പിക്കപ്പെടുന്ന ജനനായകൻ ബോക്സ് ഓഫീസിൽ കോളിളക്കം സൃഷ്ടിക്കുമെന്ന പ്രതീക്ഷ ഒരിക്കലും അസ്ഥാനത്തല്ല.

മലേഷ്യയിൽ വെച്ച് നടന്ന ജനനായകന്റെ ഓഡിയോ ലോഞ്ചിലാണ് താൻ സിനിമ വിടുന്ന കാര്യം വിജയ് പറഞ്ഞത്. തമിഴകം ആഘോഷിക്കുന്ന താരമായതിനാൽ വിജയ്‌യുടെ വിടവാങ്ങൽ ആരാധകർക്ക് സഹിക്കാവുന്നതിലുമപ്പുറമാണ്. അതിനാൽത്തന്നെ ആഗോള തലത്തിൽ സിനിമ വലിയ ഹിറ്റാവുകയും ചെയ്യും. വിജയ് ലക്ഷ്യം വെക്കുന്നത് തന്റെ പാർട്ടി തമിഴ് രാഷ്ട്രീയത്തിൽ പ്രബലസാന്നിധ്യമാകുക എതിനപ്പുറം തമിഴ്നാടിന്റെ മുഖ്യമന്ത്രി സ്ഥാനമാണ്. വരുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കുന്ന തമിഴ്നാട് നിയമ സഭാ ഇലക്ഷനിൽ വിജയിച്ച് മുഖ്യമന്ത്രി സ്ഥാനം നേടുക എന്നതാണ് താരത്തിന്റെ സ്വപ്നം.

റാലികളിലും റോഡ് ഷോകളിലും തനിക്കുള്ള ജനപിന്തുണ കൊണ്ട് ഇത് സാധ്യമാകുമെന്ന് വിജയ് ഉറച്ച് വിശ്വസിക്കുന്നു. എന്നാൽ രാഷ്ട്രീയ നിരീക്ഷകർ പറയുന്നത് ഇത് നടക്കാൻ സാധ്യതയില്ലാത്ത സ്വപ്നമാണെന്നാണ്. തമിഴ് രാഷ്ട്രീയത്തിൽ കൊണ്ടും കൊടുത്തും വളർന്നാലേ മുഖ്യമന്ത്രി സ്ഥാനം കിട്ടുകയുള്ളൂ. പുതിയ കാലഘട്ടത്തിൽ ഒരു സിനിമാ താരത്തിന്റെ താരപ്രഭ കണ്ട് മുഖ്യമന്ത്രിയാക്കാൻ തമിഴ് ജനത തയ്യാറാകുമോ എന്ന് കണ്ടറിയണം. എം.ജി.ആറിന്റെയും ജയലളിതയുടെയും കാലത്ത് സംഭവിച്ചത് ആവർത്തിക്കാനിടയില്ലെന്നാണ് പറയപ്പെടുന്നത്. താരാരാധനയുടെ സ്വഭാവം തന്നെ മാറിയിട്ടുണ്ടത്രേ.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, പ്രതിപക്ഷ പാർട്ടിയായി ടി.വി.കെയെ അഞ്ച് വർഷമെങ്കിലും നയിക്കാൻ വിജയ് തയ്യാറാകുമോ എന്നതാണ്. തമിഴ് സിനിമയിലെ കിരീടം വെക്കാത്ത രാജാവാണ് വിജയ്. പ്രതിപക്ഷ നേതാവായി മാധ്യമങ്ങളോട് സംസാരിച്ച്, നിയമസഭയിൽ വാദിച്ച് നിൽക്കാനൊക്കെ വിജയ് തയ്യാറാകുമോ എന്ന സംശയം ആരാധകർ പ്രകടിപ്പിച്ചു കഴിഞ്ഞു. അതുകൊണ്ട് വിജയ് തുടർന്നും സിനിമകൾ ചെയ്യാൻ സാധ്യതയുണ്ടത്രേ. അതേസമയം സെൻസർ സംബന്ധിച്ച വിധി വരുന്നതുവരെ നിർമ്മാതാക്കൾ ജാഗ്രതയിലാണ്.

അധിക അപ്പീൽ റിലീസ് കൂടുതൽ വൈകിപ്പിക്കുമെന്ന് അണിയറ പ്രവർത്തകർ പറയുന്നു. കനത്ത തിരിച്ചടി ഉണ്ടായിട്ടും, റിലീസ് മാറ്റിവയ്ക്കലിന് മുമ്പുള്ള കണക്കുകളനുസരിച്ച് വിദേശ ഓപ്പണിംഗ് ഡേ അഡ്വാൻസ് ബുക്കിംഗുകളിൽ നിന്ന് ചിത്രം 40 കോടി രൂപയും ആദ്യ വാരാന്ത്യത്തിൽ ഏകദേശം 60 കോടി രൂപയും നേടിയിരുന്നു. ആഗോളതലത്തിൽ പ്രീ-സെയിൽസിൽ ഇത് ഏകദേശം 100 കോടി രൂപയായിരുന്നു. റിലീസ് മാറ്റിവച്ചതിന് ശേഷം ഇതെല്ലാം ഒറ്റരാത്രികൊണ്ട് അപ്രത്യക്ഷമായെന്നാണ് റിപ്പോർട്ട്.

റിലീസ് തീയതി അടുത്തപ്പോൾ ചെന്നൈയിലെ പല പ്രാദേശിക തിയേറ്ററുകളും ടിക്കറ്റിന് 5,000 രൂപ വരെ കരിഞ്ചന്തയിൽ ടിക്കറ്റുകൾ വിൽക്കുകയുണ്ടായി. എന്നാൽ റിലീസ് തടഞ്ഞപ്പോൾ തിയേറ്റർ ഉടമകൾ ജന നായകൻ ഷോകൾ റദ്ദാക്കുകയും, പണം തിരികെ നൽകുകയും ചെയ്തു. ലോകമെമ്പാടും റീഫണ്ട് നടക്കുന്നുണ്ട്.

സിനിമയിലെ ചില രംഗങ്ങൾ നീക്കം ചെയ്താൽ യു.എ സർട്ടിഫിക്കറ്റ് നൽകുമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ പറഞ്ഞിട്ടുണ്ടെന്ന് ചലച്ചിത്ര നിർമ്മാണ കമ്പനിക്ക് വേണ്ടി ഹാജരായ വിജയൻ സുബ്രഹ്മണ്യൻ വാദിച്ചു. എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്നും മോണിറ്ററിംഗ് ഓഫിസർ എല്ലാം പരിശോധിച്ച് സ്ഥിരീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ അനധികൃതമായി ചിത്രത്തിന്റെ റിലീസ് വൈകിപ്പിക്കുന്നുവെന്നാണ് കെ.വി.എൻ പ്രൊഡക്ഷൻസിന്റെ വാദം.

സിനിമയിൽ മതവികാരം വ്രണപ്പെടുത്തുന്ന രംഗങ്ങൾ അടങ്ങിയിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടെന്നും സെൻസർ ബോർഡ് മദ്രാസ് കോടതിയെ അറിയിച്ചിരുന്നു. അതിനാലാണ് ചിത്രം പുനപരിശോധനാ സമിതിയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചതെന്നും സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷനു വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ എ.ആർ.എൽ സുന്ദരേശൻ കോടതിയെ അറിയിച്ചത്.

പ്രത്യേക സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകാൻ സിനിമാ സംഘത്തിന് അവരെ നിർബന്ധിക്കാൻ കഴിയില്ലെന്നും ബോർഡ് വ്യക്തമാക്കി. ഇതോടെയാണ് കേസ് വിധി പറയാൻ മാറ്റിയത്.

emalayalee.com




SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
RAM
INFINITI
ACURA
Jeep
KIA
FIAT
NISSAN
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ഫോമാ കേരളാ കൺവൻഷന്റെ ഭാഗമായി നിർധന വീട്ടമ്മമാർക്ക് 50 തയ്യൽ മെഷീനുകൾ വിതരണം ചെയ്തു



**എ.എസ് ശ്രീകുമാർ**

കോട്ടയം: ഫോമാ കേരളാ കൺവൻഷൻ 2026-നോടനുബന്ധിച്ച് പ്രഖ്യാപിച്ച സ്വയംതൊഴിൽ ശാക്തീകരണ പദ്ധതി പ്രകാരം നിർധന വനിതകൾക്കും വീട്ടമ്മമാർക്കും ഉപജീവനമാർഗം കണ്ടെത്തുന്നതിനായി വിവിധയിടങ്ങളിൽ വച്ച് 50 തയ്യൽ മെഷീനുകൾ വിതരണം ചെയ്തതായി പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഏറ്റവും ഗുണനിലവാരമുള്ള 'സിംഗർ യൂണിവേഴ്സൽ' മെഷീനുകളാണ് വിതരണം ചെയ്തത്. ഫോമാ വിമൻസ് ഫോറം സ്വരൂപിച്ച പണമാണ് ഇതിനുവേണ്ടി വിനിയോഗിച്ചതെന്നും അവരുടെ സേവനങ്ങൾ മാതൃകാപരമാണെന്നും ബേബി മണക്കുന്നേൽ പറഞ്ഞു.

ജനുവരി 9-ാം തീയതി കോട്ടയത്ത് വിൻഡ്സർ കാസിൽ ഹോട്ടലിൽ നടന്ന കേരളാ കൺവൻഷൻ വേദിയിൽ വച്ച് മന്ത്രി റോഷി അഗസ്റ്റിൻ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും ഏതാനും




തയ്യൽ മെഷീനുകൾ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് ബാക്കിയുള്ള ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയത്. തയ്യൽ മെഷീനുകൾ ലഭിച്ചവർക്കെല്ലാം അതിൽ നിന്ന് വരുമാനം നേടാനുള്ള സാഹചര്യം സംജാതമാകട്ടെയെന്ന് ഫോമാ വിമൻസ് ഫോറം ചെയർപേഴ്സൺ സ്മിത നോബിൾ ആശംസിച്ചു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവരും സംഘടനയുടെ ജീവകാരുണ്യ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേർന്നു.



# മിഡ് ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ തിരുനാൾ ആഘോഷം ഭക്തിപുരസരം സംഘടിപ്പിച്ചു



ന്യൂജേഴ്‌സി : മിഡ് ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്‌സ് ദേവാലയത്തിൽ വിശുദ്ധ സ്തെപ്പാനോസ് സഹദായുടെ തിരുനാൾ ആഘോഷം ജനുവരി 9,10 (വെള്ളി /ശനി) തീയതികളിൽ ഭക്തിനിർഭരമായി സംഘടിപ്പിച്ചു.

ദേവാലയത്തിന്റെ നാല്പത്തിരണ്ടാം വാർഷികാഘോഷവും തിരുന്നാൾ ആഘോഷ ചടങ്ങുകളുടെ ഭാഗമായി നടന്നു .

മിഡ് ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്‌സ് ദേവാലയ വികാരി റവ:ഫാ. ഡോ. ബാബു .കെ.മാത്യു , സെക്രട്ടറി അജു തര്യൻ, ട്രെഷറർ സുനിൽ മത്തായി, പെരുന്നാൾ കോഓർഡിനേറ്റർ ജിനേഷ് തമ്പി,

ഡെക്കറേഷൻ കമ്മിറ്റി (സുനിത ജെറീഷ്, എലിസബത്ത് സുജ മാത്യു, ജെറീഷ് വർഗീസ്, അജു തര്യൻ, അലിസാ വർഗീസ് (മണി), ആരോൺ വർഗീസ് (മാതു), ജയാ ജോൺ, ആൻഡ്രൂ ഫിലിപ്പ്, സ്റ്റീഫൻ ജോൺ, അലീന തര്യൻ, ജെറെമി കുര്യൻ), ഫുഡ് കമ്മിറ്റി (ഏലിയാമ്മ വർഗീസ്), ലോജിസ്റ്റിക് (റോണി തോമസ് ), മനു ജോർജ്, അലക്സ് ഡാനിയേൽ എന്നിവർ ഉൾപ്പെടുന്ന തിരുന്നാൾ ആഘോഷ കമ്മിറ്റിയാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്

തിരുന്നാൾ ആഘോഷ









ചടങ്ങുക്കൾക്ക് തുടക്കം കുറിച്ച് കൊണ്ട് ജനുവരി 9, വെള്ളിയാഴ്ച വൈകുന്നേരം 6 : 30 നു സന്ധ്യാ നമസ്കാരവും തുടർന്ന് ഏഴു മണിക്ക് റവ:ഫാ.മോഹൻ ജോസഫ് നയിച്ച പ്രഭാഷണവും. അതിനെ തുടർന്ന് പ്രദക്ഷിണവും, ആശീർവാദ ചടങ്ങുകളും , ഡിന്നറും തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു

റവ:ഫാ.മോഹൻ ജോസഫ് (വികാരി, എബനേസർ ഓർത്തഡോക്‌സ് ദേവാലയം, മാങ്ങാനം), റവ:ഫാ.ഡോ. ബാബു കെ മാത്യു (വികാരി, സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്‌സ് ദേവാലയം, മിഡ്‌ലാൻഡ് പാർക്ക്, ന്യൂജേഴ്‌സി), റവ:ഫാ. ഷിബു ഡാനിയൽ (വികാരി,സെന്റ് തോമസ് ഓർത്തഡോക്‌സ് ദേവാലയം, മൗണ്ട് ഒലീവ്, ന്യൂജേഴ്‌സി), റവ:ഫാ. എബി പൗലോസ് (വികാരി,സെന്റ് ജോൺസ് ഓർത്തഡോക്‌സ് ദേവാലയം, റോക്‌ലാൻഡ് ,ഓറഞ്ച്ബെർഗ്, ന്യൂയോർക് ) എന്നീ വൈദീക ശ്രേഷ്ഠരുടെ മുഖ്യ കാർമീകത്വത്തിൽ നടന്ന തിരുന്നാൾ ആഘോഷ ചടങ്ങുകളിൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്‌സ് ക്ലിഫ്ടൺ ദേവാലയ വികാരി വെരി .റവ:ഫാ. യേശുദാസൻ പാപ്പൻ, സെന്റ് മേരീസ് ഓർത്തഡോക്‌സ് ലിൻഡൻ ദേവാലയ വികാരി റവ:ഫാ. സണ്ണി ജോസഫ്, സെന്റ് ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്‌സ് നോർത്ത് പ്ലൈൻഫീൽഡ് ദേവാലയ വികാരി റവ:ഫാ. വിജയ് തോമസ് എന്നിവർ സഹകാർമീകത്വം വഹിച്ചു

ജനുവരി 10 ശനിയാഴ്ച രാവിലെ 9 മണിക്ക് പ്രഭാത നമസ്കാരവും, 10 മണിക്ക് വിശുദ്ധ മൂന്നിൻമേൽ കുർബാനയും . അതിനു ശേഷം പ്രഭാഷണവും, ആശീർവാദ ചടങ്ങും, പ്രദക്ഷിണവും , തിരുന്നാൾ ആഘോഷങ്ങളിൽ സംബന്ധിക്കുന്ന എല്ലാ വിശ്വാസികൾക്കുമായി ഉച്ചഭക്ഷണവും ഒരുക്കിയിരുന്നു

ഇടവക വികാരി റവ:ഫാ. ഡോ ബാബു .കെ.മാത്യു സമീപ ഇടവകളിലേതു ഉൾപ്പെടെ വലിയ വിശ്വാസി സമൂഹം തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു ദൈവതിരുനാമത്തിൽ അനുഗ്രഹം പ്രാപിച്ചതിൽ വലിയ സന്തോഷം രേഖപ്പെടുത്തി

തിരുന്നാൾ ആഘോഷ ചടങ്ങുകൾ വിജയകരമായി സംഘടിപ്പിച്ചതിൽ പെരുന്നാൾ കോഓർഡിനേറ്റർ ജിനേഷ് തമ്പി എല്ലാവരോടും നന്ദി അറിയിച്ചു













Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# ബെൻസേലം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ് വൻ വിജയം



ജിനേഷ് തമ്പി



ബെൻസേലം (പെൻസിൽവേനിയ) : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ 25-ാമത് വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് പെൻസിൽവേനിയയിലെ ബെൻസേലം സെന്റ് ഗ്രീഗോറിയോസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താ വിഷയം.

(2 തിമോത്തി 2:20-22 - എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണും കൊണ്ടുള്ളവയും ഉണ്ടു; ചിലതു മാന്യകാര്യത്തിന്നും ചിലതു ഹീനകാര്യത്തിന്നും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന്നു ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന വിശിഷ്ട പാത്രം ആയിരിക്കും അതുകൊണ്ട് യൗവനമോഹങ്ങളെ വിട്ടോടുക; എന്നാൽ ശുദ്ധഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടെ നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിന്തുടരുക).





കോൺഫറൻസ് പ്രചാരണത്തിന്റെ ഭാഗമായി ബെൻസേലം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ജനുവരി പതിനൊന്നിന് ജെയ്സൺ തോമസ് (സെക്രട്ടറി), ഡോ. റെബേക്ക പോത്തൻ (സുവനീർ എഡിറ്റർ), അകില സണ്ണി (റാഫിൾ കോർഡിനേറ്റർ), മാത്യു വർഗീസ് (ഫുഡ് കോർഡിനേറ്റർ ലീഡ് / ഫിനാൻസ് കമ്മിറ്റി), മേരി വർഗീസ് (ഫിനാൻസ് കമ്മിറ്റി), സജി പോത്തൻ (മുൻ കൗൺസിൽ അംഗവും ഫിനാൻസ് കമ്മിറ്റി) എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ഇടവക വികാരി ഫാ. വി.എം.ഷിബു. ഫാ. കെ.പി. വർഗീസ് എന്നിവർ കിക്കോഫ് മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

പാരിഷ് സെക്രട്ടറി ലിൻ കുര്യനും ചർച്ച് അഡ്മിനിസ്ട്രേഷനും ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ടീമിനെ ദേവാലത്തിലേക്കു സ്വാഗതം ചെയ്തു സംസാരിച്ചു.

ഷിബു അച്ചൻ രജിസ്ട്രേഷൻ കിക്ക് ഓഫ് ഉദ്ഘാടനം ചെയ്യുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സ്വാഗതപ്രസംഗത്തിൽ സജി പോത്തൻ കോൺഫറൻസ് ടീമിനെ പരിചയപെടുത്തുന്നതിനൊപ്പം കോൺഫറൻസ് തീയതി, സ്ഥലം, തീം, സ്പീക്കർമാർ എന്നിവയെ കുറിച്ച് സംസാരിച്ചു .

ഡോ.തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ്

മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് രജിസ്ട്രേഷൻ, വെബ്സൈറ്റ്, ''ജോഷ്വ'' യുടെ സൈറ്റ് & സൗണ്ട് തിയേറ്റർ സന്ദർശനത്തെ കുറിച്ചുള്ള വിശദാംശങ്ങൾ പങ്കു വെച്ചു.

റാഫിൾ ടിക്കറ്റ്, സ്പോൺസർഷിപ്, സുവനീറിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അകില സണ്ണി, മാത്യൂ വർഗീസ് , ഡോ. റെബേക്ക പോത്തൻ എന്നിവർ ഇടവകാംഗങ്ങളെ അറിയിച്ചു.

മേരി വർഗീസ് കോൺഫറൻസിനെക്കുറിച്ചുള്ള തന്റെ വ്യക്തിപരമായ അനുഭവത്തെകുറിച്ചു സംസാരിച്ചു .

പള്ളി സന്ദർശിച്ചതിനും, ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനായി ടീം അംഗങ്ങൾ നടത്തി വരുന്ന എല്ലാ ശ്രമങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് ഫാ. വി.എം. ഷിബു കിക്കോഫ് അവസാനിപ്പിച്ചു. എല്ലാ ദേവാലയ അംഗങ്ങളേയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ അദ്ദേഹം പ്രോത്സാഹിപ്പിക്കുക്കയും ചെയ്തു.

സ്പോൺസർഷിപ്, രജിസ്ട്രേഷൻ, റാഫിൾ ടിക്കറ്റ് എന്നിവയിലൂടെ ഇടവക അംഗങ്ങൾ കോൺഫറൻസിന് മികച്ച പിന്തുണ നൽകി.

ബെൻസേലം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നിന്ന് ലഭിച്ച വലിയ പിന്തുണക്കും ഊഷ്മള സ്വീകരണത്തിനും ജെയ്സൺ തോമസ് കൃതജ്ഞത രേഖപ്പെടുത്തി.





കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ചവിട്ടിപ്പുറത്താക്കിയപ്പോൾ ചേർത്ത് നിർത്തിയവർക്കൊപ്പം നിന്ന് ജാഥ നയിക്കാനും മൽസരിക്കാനും ജോസ് കെ മാണി റെഡി




**എ.എസ് ശ്രീകുമാർ**

ജോസ് കെ മാണിയുടെ മുന്നണി മാറ്റം അടഞ്ഞ അധ്യായമാണെന്ന് ഉറപ്പിക്കുന്നതായിരുന്നു കേരളാ കേൺഗ്രസ് എമ്മിന്റെ സ്റ്റിയറിങ് കമ്മിറ്റി യോഗത്തിനു ശേഷമുള്ള പാർട്ടി ചെയർമാൻ ജോസ് കെ മാണിയുടെ കോട്ടയത്തെ വാർത്താ സമ്മേളനം. ഇടതു മുന്നണിയുടെ മധ്യമേഖലാ ജാഥയിൽ ക്യാപ്റ്റനായി ജോസ് കെ മാണി ഉണ്ടാകും. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ തന്റെ പിതാവിന്റെ തട്ടകമായ പാലായിൽ മൽസരിക്കുകയും ചെയ്യും. തിരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് (എം) പതിമൂന്ന് സീറ്റുകൾ ആവശ്യപ്പെടുമെന്ന് ജോസ് കെ മാണി വ്യക്തമാക്കി. കഴിഞ്ഞ തവണ 12 സീറ്റുകളാണ് പാർട്ടിക്ക് ലഭിച്ചത്. 5 ഇടത്ത് വിജയിക്കുകയും ചെയ്തു. ഇക്കുറി 13 സീറ്റുകൾ ആവശ്യപ്പെടും. 2021-ലെ പ്രത്യേക സാഹചര്യത്തിൽ കേരളാ കോൺഗ്രസിന് അനുവദിച്ച കുറ്റ്യാടി സീറ്റ് സി.പി.എമ്മിന് നൽകുകയായിരുന്നു.

ഇത്തവണ പരാമാവധി സീറ്റുകൾ ചോദിക്കുമെന്നും ജോസ് കെ മാണി പറഞ്ഞു. കേരളാ കോൺഗ്രസിനെ യു.ഡി.എഫിൽ നിന്ന് ചവിട്ടി പുറത്താക്കിയതിന് ശേഷം തങ്ങളെ ചേർത്തുപിടിച്ചത് എൽ.ഡി.എഫ് ആണെന്നും ജോസ് കെ മാണി പറഞ്ഞു. ''ഞങ്ങളെ ചേർത്തുപിടിച്ചത് പിണറായി വിജയൻ സഖാവ് ആണ്. ഞങ്ങളെ ചേർത്തുപിടിച്ചത് സി.പി.എം ആണ്. ഓരോ അഞ്ച് വർഷവും കഴിയുമ്പോഴും മുന്നണി മാറുമോ..? കേരളാ കോൺഗ്രസ് ഇടതുമുന്നണിയിൽ തന്നെ തുടരും. ഇത് തുറക്കാത്ത ഒരു അധ്യായമാണ്. കേരളാ കോൺഗ്രസുമായി ആരുമായും ചർച്ച നടത്തിയിട്ടില്ല. ഇതെല്ലാം മാധ്യമങ്ങൾ ഉണ്ടാക്കുന്നതാണ്...'' എന്നാണ് ജോസ് കെ മാണി പറഞ്ഞത്.

ബാർ കോഴ വിവാദത്തിൽ പാർട്ടിയുടെ പ്രതിഛായ നഷ്ടമായതിനെ തുടർന്ന് 2016 ഓഗസ്റ്റ് 7-നാണ് കേരളാ കോൺഗ്രസ് (എം) യു.ഡി.എഫ് വിട്ടത്. നിയമസഭയിൽ പ്രത്യേക ബ്ലോക്കായി ഇരുന്നു.കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഇടതു മുന്നണിയ്ക്ക് പിന്തുണ അറിയിച്ചു. എന്നാൽ 2018 ജൂൺ 8-ന് ഒഴിവ് വന്ന രാജ്യസഭ സീറ്റ് മാണി ഗ്രൂപ്പിന് നൽകാൻ യു.ഡി.എഫിൽ ധാരണയായതിനെ തുടർന്ന് കേരള കോൺഗ്രസ് (എം.) വീണ്ടും യു.ഡി.എഫ് ൽ ചേർന്നു.

2019-ൽ നടന്ന പാല ഉപതിരഞ്ഞെടുപ്പിൽ ജോസ് കെ. മാണിയുടെ പിന്തുണയോടെ മത്സരിച്ച യു.ഡി.എഫ് സ്ഥാനാർത്ഥിക്ക് പരാജയപ്പെട്ട സാഹചര്യമുണ്ടായി. 2020 ജൂൺ 20-ന് കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കാത്തതിനെ

തുടർന്ന് ജോസ് കെ മാണി വിഭാഗത്തെ യു.ഡി.എഫ് ൽ നിന്ന് പുറത്താക്കുകയായിരുന്നു. 2020 ഒക്ടോബർ 14-നാണ് ജോസ് കെ മാണി വിഭാഗം ഇടതുമുന്നണിയിൽ ചേർന്നത്. ഭരണപക്ഷത്താണെങ്കിലും പല കാര്യങ്ങളിലും വേറിട്ട നിലപാടുകൾ സ്വീകരിച്ചു. ചിലകാര്യങ്ങളിൽ പ്രതിപക്ഷത്തെക്കാൾ എതിർപ്പുയർത്താൻ കേരളാ കോൺഗ്രസിന് കഴിഞ്ഞെന്നും ജോസ് കെ മാണി പറയുന്നു.

റോഷി അഗസ്റ്റിൻ (ഇടുക്കി), അഡ്വ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി), ഡോ.എൻ.ജയരാജ് (കാഞ്ഞിരപ്പള്ളി), പ്രമോദ് നാരായണൽ (റാന്നി), സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ) എന്നിവരാണ് കേരളാ കോൺഗ്രസ് എമ്മിന്റെ എം.എൽ.എമാർ. ജോസ് കെ മാണി പാലായിൽ മൽസരിച്ചിങ്കിലും മാണി സി കാപ്പനോട് പരാജയപ്പെട്ടതോടെ മന്ത്രി സ്ഥാനത്തേയ്ക്ക് റോഷി അഗസ്റ്റിന് നറുക്കു വീഴുകയായിരുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ഒരാൾ മാത്രം പ്രതിനിധീകരിച്ചു എന്ന പ്രത്യേകതയുള്ള ഏക നിയോജകമണ്ഡലമാണ് പാലാ. 1965 മുതൽ 2019 വരെ കെ.എം മാണിയായിരുന്നു നിയമസഭയിലെ പാലായുടെ ശബ്ദം. ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായിരുന്ന വ്യക്തിയും അദ്ദേഹം തന്നെയാണ്. 2019-ൽ മരണം വരെ പാലായുടെ എം.എൽ.എ പദവി മാണിക്ക് സ്വന്തമായിരുന്നു. 2019 ഏപ്രിൽ 9-ന് അദ്ദേഹം അന്തരിച്ചതിനെ തുടർന്ന് നടത്തിയ ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് വേണ്ടി എൻ.സി.പി സ്ഥാനാർത്ഥിയായിരുന്ന മാണി സി കാപ്പൻ മത്സരിക്കുകയും വിജയിക്കുകയും ചെയ്തത് വലിയ രാഷ്ട്രീയ അട്ടിമറിയായിരുന്നു.

യു.ഡി.എഫിന്റെ ജോസ് ടോമിനെ പരാജയപ്പെടുത്തിയാണ് ആദ്യമായി അദ്ദേഹം പാലായിൽ നിന്ന് നിയമസഭയിലെത്തിയത്. 2021-ലെ നിയമസഭ തിരഞ്ഞെടുപ്പിൽ പാലാ സീറ്റിൽ നിന്ന് വീണ്ടും മത്സരിക്കാൻ താത്പര്യപ്പെട്ട മാണി.സി.കാപ്പന് എൻ.സി.പി സീറ്റ് നിഷേധിച്ചതിനെ തുടർന്ന് പാർട്ടിയും മുന്നണിയും വിട്ട അദ്ദേഹം എൻ.സി.കെ എന്ന പാർട്ടി രൂപീകരിച്ച് യു.ഡി.എഫ് സ്ഥാനാർത്ഥിയായാണ് തിരഞ്ഞെടുക്കപ്പെട്ടത്. കേരളം മുഴുവൻ ഉറ്റുനോക്കിയ തീപാറിയ പോരാട്ടത്തിൽ മാണി പുത്രന് അടിപതറിയതും അപ്രതീക്ഷിതമായിരുന്നു. 15,378 വോട്ടുകളുടെ ഭൂരിപക്ഷത്തിലായിരുന്നു കാപ്പൻ രണ്ടാമതും പാലായിലെ വിജയം ആഘോഷിച്ചത്. അതേസമയം ഇക്കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ പാലാ നഗരസഭയിലേറ്റ തിരിച്ചടി നിയമസഭാ ഇലക്ഷനിലും ആവർത്തിച്ചാൽ ജോസ് കെ മാണി എം.പിയുടെ എം.എൽ.എ സ്വപ്നം പൂവണിയാതെ പോവും.




Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക ഫ്ലോറിഡ ചാപ്റ്ററിന് പുതിയ ഭാരവാഹികൾ ; ജോർജി വർഗ്ഗീസ് പ്രസിഡന്റ്, എബി ആനന്ദ് സെക്രട്ടറി




ഫ്ലോറിഡ: അമേരിക്കൻ മലയാളികളുടെ മാധ്യമ കൂട്ടായ്മയായ ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക, ഫ്ലോറിഡ ചാപ്റ്റർ ഭാരവാഹികളെ തെരഞ്ഞെടുത്തു. മാധ്യമ പ്രവർത്തകനും, സാംസ്കാരിക സാമൂഹിക രംഗത്ത് സജീവമായ ജോർജി വർഗ്ഗീസ് നയിക്കുന്ന കമ്മറ്റിയിൽ വൈസ് പ്രസിഡന്റ് ബിനു ചിലമ്പത്ത്, സെക്രട്ടറി എബി ആനന്ദ്, ജോ. സെക്രട്ടറി ജെസി പാറത്തുണ്ടിൽ, ട്രഷറർ സാബു മത്തായി എന്നിവരെ തെരഞ്ഞെടുത്തു.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോർജി വർഗ്ഗീസ് അമേരിക്കയിലെ സാമൂഹ്യ സാംസ്കാരിക മാധ്യമ മേഖലയിലെ അറിയപ്പെടുന്ന സാന്നിദ്ധ്യമാണ്. കേരളത്തിൽ വൈ എം സി എ പ്രസ്ഥാനത്തിന്റെ അമരത്തു നിന്ന് അമേരിക്കയിൽ എത്തിയതു മുതൽ ഫ്ലോറിഡയിലെ മലയാളി സംഘടനകളുടെ പ്രവർത്തന രംഗത്ത് നിരവധി പദവികളിലൂടെ കടന്നു പോയ ജോർജി വർഗീസ് എഴുത്തു രംഗത്തും സജീവമായിരുന്നു. സൗത്ത് ഫ്ലോറിഡ കേരള സമാജം പ്രസിഡന്റായിരുന്നു. ഫൊക്കാനയുടെ മുഖപത്രമായ ഫൊക്കാന ടുഡേ അച്ചടിച്ച് വിതരണം

ചെയ്യുന്നതിൽ മുൻകൈ എടുക്കുകയും ദീർഘകാലം ഫൊക്കാന ടുഡേയുടെ എഡിറ്ററായും പ്രവർത്തിച്ചു. ഫൊക്കാനയുടെ കമ്മറ്റി അംഗം മുതൽ നിരവധി പദവികൾ വഹിച്ച ശേഷം ഫൊക്കാന പ്രസിഡന്റ്, മത, സാംസ്കാരിക സംഘടകളുടെ സാരഥിയായും പ്രവർത്തിക്കുന്ന അദ്ദേഹം ജീവകാരുണ്യ മേഖലയ്ക്കും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഫൊക്കാന പ്രസിഡന്റായിരുന്ന സമയത്ത് സാഹിത്യ, സാമൂഹ്യ, സാംസ്കാരിക, ജീവകാരുണ്യ മേഖലയ്ക്ക് മുതൽകൂട്ടായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. ഇപ്പോൾ ബ്രോവാർഡ് കൗണ്ടി ഹ്യൂമൻ സർവ്വീസസ് മാനേജരായി ഔദ്യോഗിക സർവ്വീസിൽ തുടരുന്നു. കേരളത്തിലെ ഭിന്നശേഷി മേഖലകളിൽ എന്നും എപ്പോഴും സഹായവുമായി എത്തുന്ന ജോർജി വർഗ്ഗീസ് ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക ചാപ്റ്ററിന്റെ പ്രസിഡന്റായി നിയമിക്കപ്പെട്ടതിൽ അമേരിക്കൻ മലയാളികൾക്ക് അഭിമാനിക്കാം.

വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബിനു ചിലമ്പത്ത് അമേരിക്കയിലെ അറിയപ്പെടുന്ന എഴുത്തുകാരിയാണ്. സ്കൂൾ കാലഘട്ടം മുതൽക്കേ സാഹിത്യം, പ്രസംഗം എന്നീ മേഖലകളിൽ സജീവമായിരുന്ന ബിനു ചിലമ്പത്ത് അമേരിക്കയിൽ എത്തിയപ്പോഴും എഴുത്ത് തുടർന്നു. വിവിധ അച്ചടി ഓൺലൈൻ മാസികകളിൽ ലേഖനങ്ങൾ , ഓർമ്മക്കുറിപ്പുകൾ എന്നിവയിലൂടെ ശ്രദ്ധേയയായ ബിനു ചിലമ്പത്ത് ഫ്ലോറിഡയിലെ അറിയപ്പെടുന്ന സംഘാടകയും സാമൂഹ്യ സാംസ്കാരക പ്രവർത്തകയുമാണ്. കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ മുൻ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എബി ആനന്ദ് അമേരിക്കൻ മലയാളി പ്രസിദ്ധീകരണങ്ങളിൽ വർഷങ്ങളായി ലേഖകനായും ഫോമയുടെ പി. ആർ. ഒ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഫ്ലോറിഡ നവകേരള ആർട്സ് ക്ലബ്ബിന്റെ സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് ഫ്ലോറിഡായുടെ മുൻ ട്രഷറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ കലാ രംഗത്തും സജീവമായ എബി ആനന്ദ് അറിയപ്പെടുന്ന ഫോട്ടോഗ്രാഫറും, വീഡിയോ ഗ്രാഫറും കൂടിയാണ്.

ജോ. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജെസി പാറത്തുണ്ടിൽ അമേരിക്കയിൽ എത്തിയ നാൾ മുതൽ മീഡിയ രംഗത്ത് സജീവമാണ്. നിരവധി സംഘടനകളുടെ ലേഖികയായും അമേരിക്കൻ മലയാളി പ്രസിദ്ധീകരണങ്ങളിൽ സജീവമാണ്. സൗത്ത് ഫ്ലോറിഡയിലെ സാമൂഹിക സാംസ്കാരിക രംഗത്ത് സജീവമായ ജെസി പാറത്തുണ്ടിൽ കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ മുൻ പ്രസിഡന്റു കൂടിയാണ്.

ട്രഷറായി തെരഞ്ഞെടുക്കപ്പെട്ട സാബു മത്തായി ദൃശ്യ മാധ്യമ രംഗത്ത് സജീവമായ വ്യക്തിത്വമാണ്. ഏഷ്യാനെറ്റ് യു. എസ്. എ യുടെ ഫോട്ടോഗ്രാഫർ , വീഡിയോ ഗ്രാഫറായി പ്രവർത്തനം തുടങ്ങിയ സാബു മത്തായി ഫ്ലോറിഡയുടെ സാംസ്കാരിക മേഖലയിൽ നിറ സാന്നിദ്ധ്യവും ഇപ്പോൾ ഫ്രീലാൻസ് മാധ്യമ പ്രവർത്തനത്തിൽ സജീവവുമാണ്.

ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം, മാത്യു വർഗ്ഗീസ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് രാജു പള്ളത്ത് നയിക്കുന്ന മാതൃ സംഘടനയ്ക്ക് മുതൽകൂട്ടായും ഫ്ലോറിഡയിലെ മാധ്യമ രംഗത്ത് സജീവമായുംപ്രവർത്തിക്കുമെന്നും , വരുന്ന രണ്ട് വർഷങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിക്കുമെന്നും ഫ്ളോറിഡ ചാപ്റ്റർ പ്രസിഡന്റ് ജോർജി വർഗീസ്, സെക്രട്ടറി എബി ആനന്ദ്, ട്രഷറർ സാബു മത്തായി, വൈസ് പ്രസിഡന്റ് ബിനു ചിലമ്പത്ത് , ജോ. സെക്രട്ടറി ജെസി പാറത്തുണ്ടിൽ എന്നിവർ അറിയിച്ചു.

# ഫോമാ കേരളാ കൺവൻഷൻ–2026 അവിസ്മരണീയമാക്കിയ ബേബി മണക്കുന്നേൽ ടീമിന് അഭിനന്ദനങ്ങൾ






**ജോയി എൻ സാമുവൽ**
(ഫോമാ നാഷണൽ കൺവൻഷൻ–2026 ജനറൽ കൺവീനർ)

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ കേരളാ കൺവൻഷൻ–2026 ചരിത്രമായതിലുള്ള സന്തോഷം ഹൃദയപൂർവം രേഖപ്പെടുത്തുകയാണ്. വ്യക്തിപരമായ ചില അസൗകര്യങ്ങളാൽ കൺവൻഷനിൽ സംബന്ധിക്കാൻ കഴിയാത്തത് ഒരു നിർഭാഗ്യമായി ഗോൾഡ് സ്പോൺസർ കൂടിയായ ഞാൻ കരുതുന്നു. ഫോമാ കേരള കൺവൻഷന്റെ ഭാഗമായി നടത്തിയ മെഡിക്കൽ ക്യാമ്പും 'അമ്മയോടൊപ്പം' പരിപാടിയും വൻ വിജയമായതിന് പിന്നാലെ നടന്ന കൺവൻഷനിൽ ചാരിറ്റി പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയത് ഫോമായ്ക്ക് ജൻമനാടിനോടുള്ള സ്നേഹത്തിന്റെയും പൊക്കിൾക്കൊടി ബന്ധത്തിന്റെയും മായാത്ത അടയാളമായാണ്.

ഫോമാ കേരള കൺവൻഷൻ ഒരു മഹനീയ മാതൃകയാണ് പകർന്ന് നൽകിയത്. വേദിയിൽ യാഥാർത്ഥ്യമാക്കിയ നിരവധി

ജീവകാരുണ്യ പ്രവർത്തനങ്ങൾ എക്കാലവും ഓർമിക്കപ്പെടുമെന്ന് മാത്രമല്ല, അത് ഈ ജനപക്ഷ സംഘടനയുടെ നാഴികക്കല്ലുകളായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യും. ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ടീം ചുമതലയേറ്റടുത്തതിന് ശേഷം 2025 ജനുവരി മുതൽ കേരളത്തിൽ ചാരിറ്റിക്ക് മുൻതൂക്കം കൊടുത്ത് നടപ്പാക്കിയ പദ്ധതികൾ നിരവധിയാണ്.

വിദ്യാർത്ഥികൾക്കുള്ള പഠന സഹായം, സ്വയം തൊഴിൽ പരിപാടികൾ, ഭവന പദ്ധതി, ഭന്നശേഷിക്കാർക്ക് കൈത്താങ്ങാവുന്ന പ്രോഗ്രാമുകൾ, ഹെൽപ്പിങ് ഹാൻഡ്സിന്റെ തുടർച്ച എന്നിങ്ങനെ മാതൃകാപരവും മനുഷ്യത്വം നിറഞ്ഞതുമായ പദ്ധതികളാണ് ഫോമായുടെ ഈ ഭരണ സമിതി ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ സാക്ഷാത്കരിച്ചത്. അതിന്റെ തുടർച്ചയാണ് കേരളാ കൺവൻഷനിൽ അനേകം അശരണർക്ക് കൈത്താങ്ങായി മാറിയതും.

കോടിക്കണക്കിന് രൂപയുടെ ചാരിറ്റി സഹായങ്ങൾ നിർധനരായ നിരവധി ആളുകളിൽ എത്തിച്ചു. അംഗപരിമിതർക്കുള്ള മുച്ചക്ര സ്കൂട്ടർ, ഇലക്ട്രിക് വീൽ ചെയർ, കാഴ്ച പരിമിതിക്കാരായ വിദ്യാർത്ഥികൾക്ക് ഉള്ള ലാപ്ടോപ്പുകൾ, കേഴ്‌വി പരിമിതർക്കുള്ള ശ്രവണ സഹായികൾ, തയ്യൽ മെഷീനുകൾ, ഭവനങ്ങളുടെ താക്കോൽദാനം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ കേരള കൺവൻഷൻ വേദിയിൽ വച്ച് വിതരണം ചെയ്യപ്പെട്ടു. കൂടാതെ നേഴ്സിംഗ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പും നൽകി.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കടാക്ഷം അവശതയനുഭവിക്കുന്നവർക്ക് തീർച്ചയായും വെളിച്ചമാകും. കൊച്ചിയിൽ നടന്ന ബിസിനസ് മീറ്റും ശ്രദ്ധേയമായി എന്നറിയാൻ കഴിഞ്ഞു. കൺവൻഷനായി നാട്ടിലേയ്ക്ക് പോയ എല്ലാവർക്കും നന്ദി. കേരളത്തിലെ മലയാളികളും അമേരിക്കൻ മലയാളികളും തമ്മിലുള്ള ഹൃദയബന്ധത്തിന്റെ ഊഷ്മളത ഊട്ടിയുറപ്പിച്ച് ജൻമനാട്ടിലെ കൺവൻഷൻ വിജയകരമാക്കിയ ബേബി മണക്കുന്നേൽ ടീമിനും, കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, നാഷണൽ കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ എന്നിവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകളും...ഒപ്പം വിജയാശംസകളും...



# കേരളാ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ ഫൊക്കാന കൺവെൻഷനിൽ പങ്കെടുക്കുന്നു



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് : നാല് പതിറ്റാണ്ടായി വടക്കെ അമേരിക്കയിലെ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായ ഫൊക്കാന (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) യുടെ ഇരുപത്തിരണ്ടാമത് ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ കേരളാ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ ക്ഷണം സ്വീകരിക്കയും പങ്കെടുക്കാം എന്ന് ഉറപ്പ് നൽകുകയും ചെയ്തു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി രാജ് ഭവനിൽ എത്തി ഗവർണ്ണറെ ക്ഷണിക്കുകയും ഫൊക്കാനയുടെ പ്രവർത്തനങ്ങളെ പറ്റി വിവരിക്കുകയും ചെയ്തു. സജിമോൻ ആന്റണിയോടൊപ്പം മുൻ പ്രസിഡന്റ് മാധവൻ ബി നായർ , കേരളാ കോർഡിനേറ്റർ സുനിൽ പാറക്കൽ എന്നിവരും പങ്കെടുത്തു.

ഫൊക്കാനയുടെ മെഡിക്കൽ കാർഡ്. പ്രിവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്, ഫൊക്കാന സിം കേരള സിം, ലഹരിക്കെതിരെ ഫൊക്കാന, ഫൊക്കാന ഹൗസിങ് പ്രൊജക്റ്റ്, തുടങ്ങിയ പദ്ധതികളെ പറ്റി ഗവർണറുമായി സംസാരിക്കുകയും ഗവർണർ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു.



മുഖ്യമന്ത്രി പിണറായി വിജയനെയും പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലെയും ഇന്ത്യയിലെയും, അമേരിക്കയിലെയും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും ഈ ജനകീയ കൺവെൻഷനിൽ പങ്കെടുക്കും. വിവിധ രാജ്യങ്ങളിൽ നിന്നായും, 106 അംഗ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെടെ അയ്യായിരത്തോളം ആളുകളെയാണ് കൺവെൻഷനിൽ പ്രതീക്ഷിക്കുന്നത്.

ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ ഔട്ട്ഡോർ വാട്ടർ പാർക്കുകളിൽ ഒന്നായ കൽഹാരി റിസോർട്ടിൽ ഇന്റർനാഷണൽ കൺവെൻഷൻ അരങ്ങേറുമ്പോൾ ഈ ചരിത്ര സംഗമത്തിന് വേദി പങ്കിടാൻ ഒട്ടനേകം ആളുകൾ തയ്യാറെടുക്കുന്നുണ്ടെന്നതിന്റെ തെളിവായാണ് റിസോർട്ടിലെ റൂമുകൾ സോൾഡ് ഔട്ട് ആയത് എന്ന് സജിമോൻ ആന്റണി കൂട്ടിച്ചേർത്തു. നിരവധി പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയാണ് ഈ കൺവെൻഷൻ അരങ്ങേറുന്നത്.

യുവജനോത്സവത്തിന്റെ ഗ്രാൻഡ്ഫിനാലെ, പ്രൗഢ ഗംഭീരമായ അവാർഡ് നൈറ്റ്, സ്റ്റേജ് ഷോകൾ, വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ, ഫാഷൻ ഷോകൾ, ബിസിനസ് മീറ്റ്, മീഡിയ സെമിനാർ, നേഴ്സസ് സെമിനാർ, വിമൻസ് ഫോറം പ്രോഗ്രാമുകൾ, സാഹിത്യ പുരസ്കാരം, മീഡിയ സെമിനാറുകൾ തുടങ്ങി നാലു ദിവസത്തെ കൺവെൻഷൻ ചരിത്രത്തിൽ സ്ഥാനം പിടിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല.





#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi
CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News